സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

SUVISESHA DHWANI

# സുവിശേഷ ധ്വനി

2016 ജൂലൈ 02

Suvisesha Dhwani Fortnightly Reg. No. RN. 29475/1978 Vol. 38 Issue 24

പുസ്തകം 38 ലക്കം 24 പേജ് 6

## വൈകി വന്ന വസന്തം

**സി. സത്യദാസ്, വെളിയംകോട്**

**എ**ഫ്രയീം മലനാട്ടിൽ എല്ക്കാന എന്ന പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. എല്ക്കാന എന്ന വാക്കിന് അർത്ഥം 'ദൈവം കൈവശമാക്കിയവൻ' എന്നാണ്. അദ്ദേഹത്തിനു രണ്ടു ഭാര്യമാർ. ഏതു അടിസ്ഥാനത്തിൽ എന്നറിയില്ല, ഒരാൾക്ക് ഹന്ന എന്നും മറ്റൊരാൾക്ക് പെനീന്ന എന്നും പേർ. തിരുവചനത്തിൽ ആദ്യം ഹന്നയുടെ പേര് എഴുതിയിരിക്കുന്നതിനാലും ഹന്നയ്ക്ക് മക്കൾ ഇല്ലാതിരുന്നതിനാലും ഒരുപക്ഷെ പെനിന്നയെ വർഷങ്ങൾക്കു ശേഷം എല്ക്കാന വിവാഹം കഴിച്ചതാകാം.

എല്ക്കാന തികഞ്ഞ ഭക്തനായിരുന്നു. എന്താ തെളിവ്? അദ്ദേഹം ശീലോവിൽ സൈന്യങ്ങളുടെ യഹോവയെ നമസ്കരിപ്പാൻ, യാഗം കഴിപ്പാൻ തന്റെ പട്ടണത്തിൽ നിന്നും ആണ്ടു തോറും ശീലോവിൽ പോകുക പതിവായിരുന്നു (1ശമു. 1:3). തന്റെ ഭാര്യമാരെ സ്നേഹിക്കുകയും തന്റെ മക്കൾക്ക് ഓഹരി കൊടുക്കുകയും ചെയ്യുമായിരുന്നു.

മക്കൾ ഇല്ലാതിരുന്ന ഹന്നയെ സ്നേഹിക്കുകയും ഇരട്ടി ഓഹരി കൊടുക്കയും ചെയ്തു. ഹന്ന എന്ന വാക്കിന് 'കൃപ എന്നാണ് അർത്ഥം. അവൾക്ക് മനസ്സിന് വളരെ വ്യസനം ഉണ്ടായിരുന്നു. കാരണം മക്കൾ ഇല്ല എന്നതു തന്നെ. ആ ദുഃഖം അവൾ ദൈവത്തോടു വളരെ കരഞ്ഞു പ്രാർത്ഥിച്ചു എന്നു മാത്രമല്ല ഒരു നേർച്ചയും നേർന്നു: 'സൈന്യങ്ങളുടെ യഹോവേ അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കുകയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ തരികയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്ക് കൊടുക്കും.' അധരം അനങ്ങാതെ ഹൃദയം കൊണ്ട് പ്രാർത്ഥിച്ചു. അവളുടെ മുഖം പിന്നെ വാടിയതുമില്ല (1 ശമു. 1:18). യഹോവ അവളെ ഓർത്തു. ആ ആണ്ടു കഴിഞ്ഞപ്പോൾ ഹന്ന ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. ഞാൻ അവനെ യഹോവയോടു അപേക്ഷിച്ചു വാങ്ങി എന്നു പറഞ്ഞ് അവനു ശമുവേൽ എന്നു പേരിട്ടു.

പ്രാർത്ഥന കേൾക്കുന്ന ദൈവം ആരിലും എൻ മനോഭാരങ്ങൾ അറിയുന്ന ദൈവം, ഹൃദയം നുറുങ്ങുമ്പോൾ മനസ്സലിയുന്ന ദൈവം. എന്റെ ദൈവം മതിയായവൻ ഏതു നേരത്തും മതിയായവൻ... എനിക്കെന്നും ദൈവമവൻ. ഹന്നയ്ക്ക് പറയാനുള്ള സാക്ഷ്യം ഇതു തന്നെ. നീണ്ട വർഷങ്ങൾ കാത്തിരുന്നു. മച്ചിയായവൾ, പ്രസവിക്കാത്തവൾ, സന്താനഭാഗ്യമില്ലാത്തവൾ, എന്നു വേണ്ട എന്തു മാത്രം പരിഹാസ ശരങ്ങൾ. അതിനൊന്നും ആരോടും മറുപടി പറയാതെ ന്യായമായ് വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിച്ചു. ദൈവം തക്ക സമയത്തു ഉയർത്തണം എന്നതിനാൽ അവിടുത്തെ ബലമുള്ള കൈക്കീഴിൽ താണിരുന്നു. തന്നെ ആശ്രയിക്കുന്നവരെ മറന്നിടാത്ത ദൈവം ഹന്നയെ ഓർത്തു. മറക്കരുതേ എന്നു പറഞ്ഞയച്ച

**പ്രാർത്ഥന കേൾക്കുന്ന ദൈവം, ആരിലും എൻ മനോഭാരങ്ങൾ അറിയുന്ന ദൈവം, ഹൃദയം നുറുങ്ങുമ്പോൾ മനസ്സലിയുന്ന ദൈവം. എന്റെ ദൈവം മതിയായവൻ ഏതു നേരത്തും മതിയായവൻ... എനിക്കെന്നും ദൈവമവൻ. ഹന്നയ്ക്ക് പറയാനുള്ള സാക്ഷ്യം ഇതു തന്നെ.**

► 4

## വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ കാമ്പയിൻ ബീഹാറിലേക്ക്

**അങ്കമാലി:** മിഷൻ പ്രവർത്തനങ്ങളുടെ ശവപ്പറമ്പ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ബീഹാറിൽ 1994 ഏപ്രിൽ മുതൽ 1999 ഏപ്രിൽ വരെ സുവിശേഷ പ്രവർത്തനം നടത്തുവാൻ കർത്താവ് സഹായിച്ചു. എല്ലാ നിലയിലും പിന്നാക്കാവസ്ഥയിൽ കഴിയുന്നതും കേരളത്തെക്കാൾ വലുപ്പമേറിയതുമായ ജില്ലകളുള്ളുതുമായ ഒരു സംസ്ഥാനമാണ് ബീഹാർ. ഇപ്പോൾ ഏകദേശം 48 സുവിശേഷകന്മാർ ബീഹാറിലുണ്ട്. ഇവരിൽ അധികം പേരും തദ്ദേശീയരാണ് എന്നോർത്ത് ദൈവത്തെ സ്തുതിക്കാം. 17 വർഷത്തിനു മുമ്പാണ് നാം ബീഹാറിൽ പ്രവർത്തിക്കുവാൻ ഇടയായത്. ഇപ്പോൾ ബീഹാറിലുള്ള പ്രവർത്തകരുടെ നിരന്തരമായ ആവശ്യപ്രകാരം ദൈവം അനുവദിച്ചാൽ 2016 സെപ്റ്റംബർ-ഓക്ടോബർ മാസത്തിൽ ബീഹാറിൽ പ്രവർത്തനം തുടങ്ങണം എന്നാഗ്രഹിച്ച് പ്രാർത്ഥനയോടെ കാര്യങ്ങൾ ക്രമീകരിച്ചു വരുന്നു. ദൈവമക്കൾ ഈ വിഷയത്തെ ഓർത്ത് നിരന്തരം പ്രാർത്ഥിക്ക. ടീമിൽ വിവിധ ശുശ്രൂഷകൾ ചെയ്യുവാൻ, ടീമിന്റെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് പ്രവർത്തനത്തിന് നേതൃത്വം നൽകുവാൻ താല്പര്യവും അർപ്പണവും സുവിശേഷ കാഴ്ചടപ്പാടുമുള്ള യുവാക്കന്മാർ Br. Scaria Varghese, Grace Villa, Cochin University P.O., Kochi 682 022 എന്ന വിലാസത്തിലോ 9447602627, 0484- 2577616 എന്നീ ഫോൺ നമ്പരിലോ ബന്ധപ്പെടുക. വൈ.എം.ഇ.എഫ്. ചെയ്തു വരുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ ചെക്കുകളും ഡ്രാഫ്റ്റുകളും Y.M.E.F. (N.D.) Trust ന്റെ പേരിൽ ക്രോസ് ചെയ്ത് S.B.T./U.B.I എന്നീ ബാങ്കുകളുടെ അങ്കമാലി ശാഖയിലേക്ക് എടുത്ത് A.D. James, Areeckal House, Arekuzhi Road, CRA 158, Angamali- 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.

ബാങ്കിലേക്ക് പണം നേരിട്ട് അയയ്ക്കുന്നതിന് UBI Angamali A/c No. 338102010012324 IFSC Code: UBIN0533815, SBT Angamali A/c No. 57060213369, IFSC Code: SBTR0000157 എന്നീ അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ട്രഷററെ നേരിൽ വിവരം അറിയിക്കുക. ഫോൺ: 0484 2457648, 9446814115

## ബംഗാൾ കാമ്പയിൻ സ്തോത്രസമ്മേളനം ജൂലൈ 6-ന്

**അങ്കമാലി:** വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗത്തിന്റെ ചുമതലയിൽ ബംഗാളിൽ 2014 സെപ്റ്റംബറിൽ ആരംഭിച്ച സുവിശേഷകാമ്പയിൻ തുടർച്ചയായി 2016 ജൂൺ വരെ തുടരുവാനും ഈ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുവാനും ദൈവം സഹായിച്ചു. സമയാസമയങ്ങളിൽ പ്രവർത്തിക്കുവാൻ ആവശ്യമായ ദൈവദാസന്മാരെ കർത്താവു ഒരുക്കിത്തന്നു. അനേക ഗ്രാമങ്ങളിൽ പരസ്യ പ്രവർത്തനങ്ങൾ ചെയ്യുവാൻ ദൈവം വാതിൽ തുറന്നു തന്നു. നിരവധി സുവിശേഷപ്രതികളും പുസ്തകങ്ങളും പുതിയനിയമങ്ങളും ബൈബിളുകളും ട്രാക്റ്റുകളും വിതരണം ചെയ്തിട്ടുണ്ട്. രക്ഷയുടെ അനുഭവത്തിൽ വന്നവരും കൂടുതൽ വചനം അറിയുവാൻ തല്പരരായവരും വളരെ ഉണ്ട്. തദ്ദേശീയരായ നമ്മുടെ സുവിശേഷകന്മാർ അനുധാവന പ്രവർത്തനം ചെയ്തു വരുന്നു. പ്രത്യേകം പ്രാർത്ഥിച്ചാലും.

ഈ സുവിശേഷ യത്നത്തിൽ വിവിധ നിലകളിൽ ദൈവം നടത്തിയ അത്ഭുതകരമായ വഴികളെ ഓർത്തു ദൈവത്തിനു നന്ദി കരേറ്റുവാൻ 2016 ജൂലൈ 6 ബുധനാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ തൃശ്ശൂർ നെല്ലിക്കുന്ന് സീയോൻ ബ്രദറൺ സഭാഹാളിൽ ഒരു സ്തോത്രസമ്മേളനം ക്രമീകരിച്ചിരിക്കുന്നു. ബംഗാൾ ടീമിൽ പ്രവർത്തിച്ചവരുടെ അനുഭവസാക്ഷ്യങ്ങളും ഈ സംസ്ഥാനത്തിന്റെ തെക്കുവടക്കു മേഖലകളിൽ പ്രവർത്തനത്തിനു നേതൃത്വം കൊടുത്തവരുടെ വിലയിരുത്തലും ലഘു സന്ദേശങ്ങളും ഉണ്ടായിരിക്കും.

കാമ്പയിനിൽ പ്രവർത്തിച്ച എല്ലാ സഹോദരന്മാരേയും പ്രാർത്ഥനയിൽ പോരാടിയവരേയും വിവിധ നിലകളിൽ സഹകരിച്ച എല്ലാ ദൈവമക്കളെയും ഈ സമ്മേളനത്തിലേക്കു കർത്തൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്കു കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ടാലും. ഫോൺ: 9446044933

*എം.സി. ജോർജ്ജ്*

## ബഥനി ബൈബിൾ സ്കൂൾ 68-ാമത് ബാച്ച് ആരംഭിച്ചു

**കുമ്പനാട്:** സ്കൂളിന്റെ 68-ാമത് ബാച്ച് 2016 ജൂൺ 6 തിങ്കളാഴ്ച മുതൽ ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. രാജാക്കാട്, കാസർകോട്, മാങ്ങാനം (കോട്ടയം), പീരുമേട്, കടുത്തുരുത്തി, മാവേലിക്കര, തൃക്കൈകുത്ത് (മലപ്പുറം) വെള്ളൂർ എന്നീ സ്ഥലങ്ങളിൽ നിന്നുമുള്ള 9 സഹോദരന്മാർ സ്കൂളിൽ താമസിച്ച് പഠനം നടത്തുന്നു. ഈ സ്കൂൾ പ്രവർത്തനങ്ങളെ സഭകളായും വ്യക്തികളായും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമേ. വിലാസം: സെക്രട്ടറി, ബഥനി ബൈബിൾ സ്കൂൾ, പി.ബി. നമ്പർ 45, കുമ്പനാട് 689 547 തിരുവല്ല, കേരളം. ഫോൺ: 0469 2664314

*സെക്രട്ടറി*

ഒരുങ്ങുവിൻ! പ്രാർത്ഥിപ്പിൻ!! വന്നുചേരുവിൻ!!!

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് - 2016

**സയൺ പബ്ലിക്ക് സ്കൂൾ, സയൺ നഗർ,സ്വരാജ്, കട്ടപ്പന**

*(കട്ടപ്പനയിൽ നിന്നും കോട്ടയം റൂട്ടിൽ 10 കി.മീ. ദൂരം മാത്രം.)*

**2016 സെപ്റ്റംബർ 12 തിങ്കൾ മുതൽ 16 വെള്ളി വരെ**

*(ഓണം അവധിക്കാലത്ത് - എല്ലാം ഗവ. അവധി ദിവസങ്ങൾ)*

പ്രധാന ലീഡേഴ്സ് :

**ജോർജ്ജ് മാത്യൂ - മഹാരാഷ്ട്ര, ഡാനിയേൽ വറുഗീസ് - പുനലൂർ, ബിജു ആലടി - ഇടുക്കി, ജോർജ്ജ് കോശി - മൈലപ്ര**

*കൂടുതൽ വിവരങ്ങൾക്ക്:* സ്റ്റാൻലി ഏബ്രഹാം, ജനറൽ സെക്രട്ടറി (9388281162)

## കെ.ഇ.എം. ഫണ്ട് മേഖലാ സമ്മേളനം

**കുമ്പനാട്:** കെ.ഇ.എം. ഫണ്ടിലൂടെ സഹായം ലഭിക്കുന്ന കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സുവിശേഷകന്മാരുടെ സമ്മേളനം 2016 ആഗസ്റ്റ് മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ പയ്യന്നൂർ ടി. പി. ചൈതന്യാ ഹാളിൽ (ഗാന്ധി പാർക്കിനും വിജയാ ബാങ്കിനും സമീപം) നടക്കുന്നു. ഈ രണ്ടു ജില്ലകളിലുമുള്ള ബന്ധപ്പെട്ട സുവിശേഷകന്മാർ പ്രാർത്ഥനയോടെ പങ്കെടുക്കുക.

*പി.ഇ. സാംകുട്ടി (സെക്രട്ടറി)*



ഉറച്ച കാൽ വെപ്പുകളോടെ, മുഖത്ത് പുഞ്ചിരിയുമായി ജേതാവിനെപ്പോലെ കൊലക്കളത്തിലേക്കു നടന്നടുക്കുന്ന യാക്കോബിനെ കണ്ടിട്ട് തനിക്കെതിരെ കള്ളസാക്ഷി പറഞ്ഞ മനുഷ്യൻ അവിടെ വെച്ച് കർത്താവിൽ വിശ്വസിക്കുന്നതിനും തന്റെ തെറ്റ് ഏറ്റു പറയുന്നതിനും ഇടയായി. *പേജ് 2*



### ഉൾപ്പേജുകളിൽ


- വിശുദ്ധിയിൽ വിട്ടുവീഴ്ച വേണ്ട 2
- നിങ്ങൾ ആര്? 3
- വന്നവഴികൾ 4
- ബൈബിൾ ക്വിസ് 5
- ചിന്ത/വാർത്തകൾ 6

SUVISESHA DHWANI

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

2016 ജൂലൈ 02 / പുസ്തകം 38, ലക്കം 24

എഡിറ്റോറിയൽ

# വിശുദ്ധിയിൽ വിട്ടുവീഴ്ച വേണ്ട

**ചി**ല മാസങ്ങൾക്കു മുൻപ് ശുചിത്വത്തെക്കുറിച്ചു മലയാള മനോരമ ദിനപത്രത്തിൽ വന്ന വാർത്ത വായിച്ചപ്പോൾ ആണ് ഇങ്ങനെ ചില വരികൾ എഴുതുവാൻ ഇടയായത്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ ശുചിത്വത്തിന്റെ കാര്യത്തിൽ പിന്നിലായ നാളുകൾ ഉണ്ടായിരിക്കയില്ല. ഒരു കാലത്ത് കേരളത്തിന്റെ തനിമ മനസ്സിലാക്കിയവർ വിളിച്ചു, "ഇത് ദൈവത്തിന്റെ സ്വന്തം നാട്" എന്ന്. വിദേശത്ത് ജോലിയോടുള്ള ബന്ധത്തിൽ താമസിക്കുന്ന മലയാളികൾ അവരുടെ സ്വന്ത നാടായ കേരളത്തിൽ വരുമ്പോളാണ് കേരളത്തിലെ ശുചിത്വത്തിന്റെ പാപ്പരത്വം മനസ്സിലാക്കുന്നത്. കഴിഞ്ഞ വർഷം ഇന്ത്യയിലെ ശുചിത്വനഗരങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ നാലാം സ്ഥാനത്ത് നിന്നിരുന്ന കൊച്ചി നഗരം പോലും 55-ാം സ്ഥാനത്തേക്കാണ് പിൻതള്ളപ്പെട്ടത്. 8-ാം സ്ഥാനത്തു നിന്ന തിരുവനന്തപുരം പിന്നെയും താഴോട്ടു പേയിരിക്കുന്നു.

കേന്ദ്രസർക്കാർ പദ്ധതിയായ "സ്വച്ഛ് ഭാരത"ത്തിന്റെ ഭാഗമായിരുന്നു മത്സരം. മാലിന്യ നിർമാർജ്ജനത്തിന്റെ വിനിയോഗത്തിനും ആണ് കൂടുതൽ മാർക്ക്. മത്സര രംഗത്ത് നഗരങ്ങളുടെ എണ്ണം കൂടിയപ്പോഴും കുറഞ്ഞപ്പോഴും പ്രഥമസ്ഥാനത്ത് ഇളകാതെ നിന്ന മൈസൂരിൽ നിന്ന് കേരളത്തിന് പഠിക്കുവാൻ കുറച്ചൊന്നും അല്ല ഉള്ളത്. മലയാളികൾ എത്ര പഠിച്ചാലും പാലിക്കുവാൻ മാനസികമായ അവസ്ഥയിലേക്ക് ഇന്നും വളർന്നുകഴിഞ്ഞിട്ടില്ലായെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. ശുചിത്വം കാത്തു സൂക്ഷിക്കേണ്ടത് ഓരോ പൗരന്റെയും ചുമതലയും കടപ്പാടും ആണ്. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ കണ്ണും അധികാരികളുടെ കണ്ണും തുറക്കേണ്ടതുണ്ട്. തെറ്റ് ചെയ്യുന്നവനെ വെറുതെ വിടുന്ന ശൈലിയാണിന്നുള്ളത്. തെറ്റ് ചെയ്യുന്നവനെ ശിക്ഷിക്കുവാൻ നിർവ്വാഹമില്ലാത്ത ഒരു അവസ്ഥയും വന്നു ചേർന്നിട്ടുണ്ട്. ഇത് ജനങ്ങളിൽ തെറ്റ് ചെയ്യുന്നതിന് ഭയം ഇല്ലാത്ത അവസ്ഥയിലാക്കി കഴിഞ്ഞു. എന്തുചെയ്താലും ആരും ചോദിക്കാനില്ലാത്ത അവസ്ഥ. എന്നാൽ ഈ ചിന്തയോടെ അന്യദേശത്ത് പാർത്താൽ അറിയാം അതിന്റെ ഗുണം. ചുരുക്കി പറഞ്ഞാൽ നമ്മുടെ നഗരങ്ങൾ മാത്രമല്ല സംസ്ഥാനം മുഴുവനും മാതൃകാപരമായ ശുചിത്വ സംസ്കാരത്തിലേക്ക് മടങ്ങിവരണമെന്ന് പൊതുവെ അഭിപ്രായം ഉയർന്നു കഴിഞ്ഞു.

> **മൂക്കുപൊത്തി കേൾക്കേണ്ട സംഭവങ്ങൾ നമ്മുടെ മധ്യേ സംഭവിക്കാതിരിക്കട്ടെ.**

അങ്ങനെയാണെങ്കിൽ ഈ സമയം ആത്മീയ മണ്ഡലത്തിലേക്ക് നാം ഒന്നു എത്തി നോക്കുന്നത് നന്നായിരിക്കും. നമ്മുടെ പൂർവ്വപിതാക്കന്മാരുടെ കാലത്ത് ഉണ്ടായിരുന്ന ആത്മിക വീക്ഷണമോ, തീക്ഷ്ണതയോ, വിശുദ്ധിയോ, ഉത്സാഹമോ ഇന്നത്തെ തലമുറയ്ക്ക് ഉണ്ടോ? അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും അവർക്ക് ലഭിച്ച ദൈവകൃപയുടെ പശ്ചാത്തലത്തിലും നിന്നുകൊണ്ട് ക്രിസ്തീയ ജീവിതത്തിന്റെ വിശുദ്ധി പരിപാവനമായി കാത്തുസൂക്ഷിക്കുകയും ചെയ്തു. ആ വിശുദ്ധിയുടെ തിരിനാളം അടുത്ത തലമുറയിലേക്ക് കൈമാറിയെങ്കിലും വേണ്ടതുപോലെ പരിപാവനമായി സൂക്ഷിക്കുവാൻ ഈ തലമുറയ്ക്ക് കഴിയാതെ വന്നിരിക്കുന്നു. ഭൗതികതയിലേക്ക് കണ്ണ് നട്ട് ലോകം നമ്മിലേക്ക് പ്രവേശിച്ചപ്പോൾ വലഞ്ഞുപോയ നീതിമാനായ ലോത്തിന്റെ അവസ്ഥയിലേക്ക് എത്തിച്ചേർന്നില്ലെയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തകരുന്ന കുടുംബബന്ധം, വിവാഹമോചനം, സമ്മിശ്രമായ വിവാഹങ്ങൾ, പിണങ്ങി പാർക്കുന്ന ഭാര്യാഭർത്താക്കന്മാർ, സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള കോലാഹലങ്ങൾ, അധികാരസ്ഥാനങ്ങളെ കയ്യടക്കുവാനുള്ള വെപ്രാളം, നീറിക്കഴിയുന്ന മാതാപിതാക്കന്മാർ എന്നു വേണ്ട മനോരമ പറഞ്ഞതു പോലെ 'മൂക്കു പൊത്തി കേൾക്കേണ്ട' അശുദ്ധിയുടെ വിഹാരരംഗമായി കുടുംബങ്ങളും സഭകളും മാറിക്കൊണ്ടിരിക്കുന്നു എന്ന് അറിയുമ്പോൾ നമുക്ക് മറ്റുള്ളവരേക്കാൾ എന്ത് വിശേഷതയാണ്. യെരുശലേം നഗരത്തിന് ശുദ്ധിവരുത്തി അശുദ്ധിയെ പുറം തള്ളുവാൻ അവർക്ക് ഒരു കുപ്പവാതിൽ ഉണ്ടായിരുന്നു. എന്നാൽ വിശ്വാസികൾക്കും അശുദ്ധിയെ പുറത്തു കളയുവാൻ അങ്ങനെ ഒരു വാതിൽ വേണ്ടതല്ലെ. കണ്ടതെല്ലാം ദൈവത്തിന്റെ മന്ദിരമായ നമ്മിൽ കയറുവാൻ അനുവദിക്കുന്നത് ശരിയാണോ? ഓരോ ദിവസവും വിശുദ്ധി പ്രാപിക്കേണ്ടവർ ആണ് നാം. അതുകൊണ്ടാണ് കർത്താവ് പത്രോസിനോട് പറഞ്ഞത്, കുളിച്ചിരിക്കുന്നവന് കാലുകൾ കഴുകിയാൽ മതിയെന്ന്. കാലുകൾ ഭൂമിയിൽ സ്പർശിക്കുന്നതിനാൽ അഴുക്ക് പറ്റുവാൻ ഇടയുണ്ട്. അതുകൊണ്ട് വിശുദ്ധിയിൽ നമ്മെ സൂക്ഷിക്കേണ്ടത് ആവശ്യമാണ്.

നെഹമ്യാവ് തന്റെ ജനത്തിന് കല്പന കൊടുത്തത് ശബ്ബത്തിനു മുന്നെ യെരുശലേം നഗരവാതിലുകളിൽ ഇരുട്ടായി തുടങ്ങുമ്പോൾ അവ അടപ്പാനും, ശബ്ബത്ത് കഴിയും വരെ അവ തുറക്കാതിരിപ്പാനും തന്നെ. യെരുശലേം നഗരം എത്ര ഭദ്രമായും വിശുദ്ധമായും സൂക്ഷിക്കപ്പെടേണം എന്നായിരുന്നു തന്റെ ആഗ്രഹം. അശുദ്ധി പുറത്ത് വിടുന്നതിന് കേടുവന്ന കുപ്പവാതിൽ പോലും അറ്റകുറ്റം തീർത്തു. വിശ്വാസികളുടെ ഈ വാതിലും കേട് വന്നിരിക്കയാണ്. കേടു വന്ന് വാതിലുകൾ നന്നാക്കുവാനോ പ്രത്യേകാൽ കുപ്പവാതിൽ നന്നാക്കുവാനോ നമുക്ക് താല്പര്യം ഇല്ല. അങ്ങനെ ഈ വാതിലുകൾ വ്യക്തികളിൽ തകർന്നു കിടക്കുന്നതിനാൽ കുടുംബങ്ങളും, സഭകളും തകർന്നുകൊണ്ടിരിക്കുന്നു. തമ്മിൽ തമ്മിൽ കടിച്ചു കീറുന്ന അവസ്ഥയിലേക്ക് വളർന്നു കഴിഞ്ഞു. കണ്ടാൽ മിണ്ടുവാനോ, ഒന്ന് കൈകൊടുക്കുവാനോ മനസ്സ് സമ്മതിക്കുന്നില്ല. ഇതെല്ലാം കണ്ട് സാത്താൻ സന്തോഷിക്കുകയും പരിശുദ്ധാത്മാവ് ദുഃഖിക്കുകയും നാം തോൽക്കുകയും ചെയ്യുന്നു. കർത്താവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ടവരെ വിളിക്കുന്നത് "വിശുദ്ധന്മാർ" എന്നാണ്. ആ വിളിക്കു യോഗ്യമായി ഓരോ ദിവസവും അശുദ്ധിയിൽ നിന്ന് വിടുവിക്കപ്പെട്ടവരായി വെളിപ്പാട് 22: 11-ൽ പറഞ്ഞതുപോലെ 'വിശുദ്ധൻ ഇനിയും വിശുദ്ധീകരിക്കട്ടെ' എന്നുള്ള വേദപുസ്തകത്തിന്റെ അന്ത്യാഭിലാഷം പൂർണ്ണമായി നിർവ്വഹിച്ചുകൊണ്ട് കർത്താവിന്റെ വരവിനായി നമുക്ക് ഒരുങ്ങാം. ദൈവം സഹായിക്കട്ടെ.

**ടി.വി. സൈമൺ**

നിണമണിഞ്ഞ കാല്പാടുകൾ 02

## ക്രിസ്തുവിനുവേണ്ടി പ്രാണ ത്യാഗം ചെയ്തവർ

എസ്.വി. കളമശ്ശേരി

## അപ്പൊസ്തലനായ യാക്കോബ്

**ക**ർത്താവിന്റെ ശിഷ്യരിൽ ഒട്ടുമിക്കവരും വിവിധ നിലകളിൽ രക്തസാക്ഷികളായിട്ടാണ് നിത്യതയിലേക്ക് പ്രവേശിച്ചത്. അവരിൽ ആദ്യത്തെ രക്തസാക്ഷി അപ്പൊസ്തലനായ യാക്കോബ് ആണ് (അപ്പൊ. 12:1,2).

ഗലീലക്കാരനായ സെബദിയുടെ മക്കളാണ് യാക്കോബും യോഹന്നാനും. തിരുവെഴുത്തിലെ മറ്റു ഭാഗങ്ങളിലും യാക്കോബിന്റെ പേര് ആദ്യം പറഞ്ഞിരിക്കുന്നതുകൊണ്ട് ജ്യേഷ്ഠൻ യാക്കോബ് ആയിരിക്കാം. ഗലീലക്കടലിൽ അപ്പനായ സെബദിയോടു കൂടി മീൻ പിടിച്ചു കൊണ്ടിരുന്ന യാക്കോബിനെയും, യോഹന്നാനെയും യേശു തന്റെ ശിഷ്യരായി വിളിച്ചു. അവർക്കു അനുഗൃഹീതമായ ശുശ്രൂഷയും നൽകി. "ഇനി മുതൽ നിങ്ങൾ മനുഷ്യരെ പിടിക്കുന്നവരാകും" (ലൂക്കോ. 5:10).

യാക്കോബിന്റെയും, യോഹന്നാന്റെയും ശ്രേഷ്ഠസ്വഭാവമനുസരിച്ച് ഇടിമക്കൾ (Sons of thunder) എന്നർത്ഥമുള്ള ബൊവനേർഗ്ഗസ് (മർക്കോ. 3:17) എന്നു പേരിട്ടു.

റോമൻ ജനതയുടെ മധ്യത്തിൽ ഇങ്ങനെ പറയാറുണ്ട്. "ഒരു മനുഷ്യന്റെ ജീവിതം ഇടിമിന്നലാണെങ്കിൽ വാക്കുകൾ ഇടിക്കു (thunder) തുല്യമായിരിക്കും" - അപ്പൊസ്തലനായ യാക്കോബിന്റെ ജീവിതവും വാക്കുകളും, ശുശ്രൂഷയുമെല്ലാം ദൈവകൃപയോടു കൂടിയതും, ശക്തിയേറിയതും ആയിരുന്നു- തന്റെ ജീവിതവും ശുശ്രൂഷകളും തിരുവെഴുത്തിൽ അധികം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ തന്റെ ശുശ്രൂഷകളും, ശക്തിയേറിയ പ്രസംഗങ്ങളും യെഹൂദാപ്രമാണികളെ അത്യന്തം കോപിഷ്ഠരാക്കി- "യാക്കോബിനെ കൊന്നത് യഹൂദന്മാർക്ക് പ്രസാദമായി" (പ്രവൃ. 12:3).

ശിഷ്യന്മാരിൽ പ്രധാനികളിൽ ഒരാളായിരുന്നു യാക്കോബ്. ചില പ്രത്യേക അവസരങ്ങളിൽ കർത്താവ് പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയുമാണ് തന്നോടൊപ്പം കൊണ്ടു പോയിരുന്നത്. മറുരൂപമലയിൽ കർത്താവ് തേജസ്കരിക്കപ്പെട്ടപ്പോൾ ഈ മൂന്നു ശിഷ്യന്മാരാണ് കർത്താവിനൊപ്പം ഉണ്ടായിരുന്നത്.



അന്നത്തെ റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തി കലിഗുല ക്രിസ്ത്യാനികളെ വളരെ ഉപദ്രവിച്ചിരുന്നു- ക്രിസ്ത്യാനികളെ കൊല്ലുന്നത് യഹൂദാപ്രമാണിമാർക്ക് സന്തോഷമായതുകൊണ്ട് എതിർപ്പ് വളരെ രൂക്ഷമായി. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനും കൊല്ലുന്നതിനും യഹൂദയിലെ ഗവർണ്ണരായിരുന്ന ഹെരോദാവിന് അധികാരം കൊടുത്തു.

ഇടിമിന്നൽ പോലെ വളരെ ശക്തമായ ഭാഷയിൽ സുവിശേഷം അറിയിച്ചിരുന്ന അപ്പൊസ്തലനായ യാക്കോബിനെ യഹൂദമതാനുസാരികൾ ഹെരോദാവിനെ കാരാഗൃഹത്തിൽ ഇടുവിച്ചു. യാക്കോബിനെതിരെ കള്ളസാക്ഷികളെക്കൊണ്ട് അന്യായങ്ങൾ ബോധിപ്പിച്ചു. യാക്കോബിനെ വാൾകൊണ്ട് വെട്ടക്കൊല്ലുവാൻ ഹെരോദാവ് കല്പന പുറപ്പെടുവിച്ചു. ഉറച്ച കാൽ വെപ്പുകളോടെ, മുഖത്ത് പുഞ്ചിരിയുമായി ജേതാവിനെപ്പോലെ കൊലക്കളത്തിലേക്കു നടന്നടുക്കുന്ന യാക്കോബിനെ കണ്ടിട്ട് തനിക്കെതിരെ കള്ളസാക്ഷി പറഞ്ഞ മനുഷ്യൻ അവിടെ വെച്ച് കർത്താവിൽ വിശ്വാസിക്കുന്നതിനും തന്റെ തെറ്റ് ഏറ്റു പറയുന്നതിനും ഇടയായി. (യോസീഫസിന്റെ ചരിത്രത്തിൽ നിന്നും). യാക്കോബിനെപ്പോലെ താനും രക്തസാക്ഷിയായി.

> **ഉറച്ച കാൽ വെപ്പുകളോടെ, മുഖത്ത് പുഞ്ചിരിയുമായി ജേതാവിനെപ്പോലെ കൊലക്കളത്തിലേക്കു നടന്നടുക്കുന്ന യാക്കോബിനെ കണ്ടിട്ട് തനിക്കെതിരെ കള്ള സാക്ഷി പറഞ്ഞ മനുഷ്യൻ അവിടെ വെച്ച് കർത്താവിൽ വിശ്വസിക്കുന്നതിനും തന്റെ തെറ്റ് ഏറ്റു പറയുന്നതിനും ഇടയായി.**

തന്റെ പേരുപോലെ തന്നെ യാക്കോബിന്റെ ജീവിതവും ഒരു ഇടിമിന്നൽ പോലെ പെട്ടെന്ന് ജീവിച്ച്, പ്രവർത്തിച്ച്, കർത്താവിനുവേണ്ടി എരിഞ്ഞടങ്ങി. കൊരിന്തിലെ സഭയുടെ അധ്യക്ഷനായ തീമോനും, മാസിഡോണിയയിലെ ഫിലിപ്യ പട്ടണക്കാരനും അധ്യക്ഷനുമായ പർമേനാസും രക്തസാക്ഷികളായി നിത്യതയുടെ തീരമണഞ്ഞു. "നാം അവനോടു കൂടെ കഷ്ടത അനുഭവിച്ചാൽ കൂടെ വാഴും."

(തുടരും)

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സാജു പി. സ്റ്റീഫൻ |
| അസോ. എഡിറ്റർ | : | സാമുവൽ തോമസ് |
| മാനേജിംഗ് എഡിറ്റർ | : | സാംസൺ സാമുവൽ |
| സർക്കുലേഷൻ മാനേജർ | : | എ.ഡി. ജെയിംസ് |
| വാർഷിക വരിസംഖ്യ | | |
| ഇന്ത്യയിൽ | : | ₹ 200/- |
| യു. എസ്. എ./കാനഡ | : | $ 100 |
| ഗൾഫ് നാടുകൾ | : | ₹ 2500/- |

വാർത്തകളും രചനകളും ഈ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ അസ്സോസിയേറ്റ് എഡിറ്ററുടെ വിലാസത്തിൽ എത്തിക്കുക.
വരിസംഖ്യയും സംഭാവനകളും മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയക്കുക.
പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**ബാങ്ക് വിവരങ്ങൾ :**
Bank of Baroda, Piravom, A/c. No. 25110100001429,
IFSC Code: BARB0PIRVOM
ഡി.ഡി.യും ചെക്കും '**സുവിശേഷധ്വനി**' എന്നപേരിൽ മാത്രം അയക്കുക.
email : suviseshadhwani2011@gmail.com

## -: തിരുമൊഴി :-

"നിന്റെ സഹോദരന്റെ ദിവസം,
അവന്റെ അനർത്ഥദിവസം തന്നേ, നീ കണ്ടുരസിക്കേണ്ടതല്ല."
– ഓബദ്യാവ് 12

ഗോത്രങ്ങൾ തേടി..... 130

(രാജസ്ഥാൻ -10)

# ധൂൺഡാരി

| | | |
|---|---|---|
| ജനസംഖ്യ | : | 18,71,130 (2001 സെൻസസ് പ്രകാരം) |
| സാക്ഷരത | : | 60% |
| തിരുവചന ലഭ്യത | : | ബൈബിൾ പരിഭാഷ പുരോഗമിക്കുന്നു (സുവിശേഷങ്ങൾ ലഭ്യമാണ്) |

**വില്യം കേറി നടത്തിയിട്ടുള്ള അനേക പരിഭാഷകളിൽ ഒന്നാണ് ധൂൺഡാരി ഭാഷയിലുള്ള പുതിയ നിയമം. എന്നാൽ ഇപ്പോൾ അവ ഒന്നും ലഭ്യമല്ല.**





**രാ**ജേന്ദ്രയ്ക്ക് അപ്പോൾ 30 വയസ്സ് ആയിരുന്നു. ഹിന്ദു മത വിശ്വാസിയായ അദ്ദേഹം, താൻ ആരാധിച്ചു പോരുന്ന ദൈവത്തെ പ്രീതിപ്പെടുത്തുവാൻ എല്ലാ ചൊവ്വാഴ്ചയും ഉപവാസം അനുഷ്ഠിക്കുമായിരുന്നു. ഒരു ദിവസം യേശുക്രിസ്തുവിനെ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന തന്റെ സഹോദരിയുടെ ഭവനത്തിൽ സന്ദർശനത്തിനെത്തിയ രാജേന്ദ്രയോട് സഹോദരിയുടെ ഭർത്താവ് സുവിശേഷം പറഞ്ഞു. ആകെ ആശയകുഴപ്പത്തിലായ രാജിനെ ഒരു പാസ്റ്റർക്ക് പരിചയപ്പെടുത്തി കൊടുക്കുകയും അദ്ദേഹം, "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നീ ചെയ്യേണ്ടത് എന്തെന്ന് നിനക്ക് മനസ്സിലാകും" എന്ന് ഉപദേശിച്ചു. അന്ന് രാത്രിയിൽ കിടക്കയിൽ കിടന്ന രാജിന് ഉറക്കം വന്നില്ല. എന്നാൽ തിരിച്ചറിയാനാകാത്ത ഒരു ഭയം അയാളെ കടന്നു പിടിച്ചു. അർദ്ധരാത്രിയിൽ കിടക്കയിൽ നിന്നെഴുന്നേറ്റ രാജ് സഹോദരിയുടെ ഭർത്താവിന്റെ അടുത്തു ചെന്ന് തനിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു. അത്ഭുതകരമായി ആ പ്രാർത്ഥനയ്ക്ക് ശേഷം പിറ്റെന്നാൾ ഉച്ചവരെ ഉറങ്ങുവാൻ അയാൾക്കു സാധിച്ചു. ഉറക്കത്തിൽ നിന്നെഴുന്നേറ്റ രാജിന് തന്റെ മനസ്സിന്റെ ഭാരങ്ങൾ നീങ്ങിയതായി അനുഭവപ്പെടുകയും അയാൾ തന്റെ ജീവിതം കർത്താവിനായി സമർപ്പിക്കുകയും ചെയ്തു. ഏകദേശം 10 വർഷത്തിനു മുമ്പാണ് രാജിന്റെ ജീവിതത്തിൽ ആ സംഭവങ്ങൾ ഉണ്ടാകുന്നത്. എന്നാൽ അന്നു മുതൽ തന്റെ ജീവിതത്തിൽ ഒരു പാട് പ്രതിസന്ധികളെ മറികടക്കുവാനുള്ള ശക്തി ദൈവം അയാൾക്കു കൊടുത്തു. ഇപ്പോൾ അയാൾ വളരെ ശക്തമായി തന്റെ പ്രാദേശിക സഭയുടെ പ്രവർത്തനങ്ങളിൽ സഹായിക്കുകയും ധൂൺഡാരി ഭാഷ സംസാരിക്കുന്നവർക്കിടയിലെ സുവിശേഷ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്യുന്നു. ടോങ്ക്, ജയ്പൂർ, ഡൗസാ തുടങ്ങിയ രാജസ്ഥാന്റെ കിഴക്കു ഭാഗത്തുള്ള ജില്ലകളിൽ സംസാരിക്കുന്ന ഭാഷയാണ് ധൂൺഡാരി. രാജസ്ഥാന്റെ മറ്റു പ്രദേശങ്ങളെ പോലെ ഈ ഭാഗങ്ങളിലും മഴയുടെ ലഭ്യത വളരെ കുറവാണ്. കാലാവസ്ഥ പൂജ്യം ഡിഗ്രി സെൽഷ്യസ് മുതൽ വേനൽക്കാലത്ത് 50 ഡിഗ്രി സെൽഷ്യസ് വരെയായി കാണപ്പെടാറുണ്ട്.

ബ്രിട്ടനിൽ നിന്നുള്ള സുവിശേഷകർ ടോങ്ക് ജില്ലയിൽ വരികയും അവരുടെ കഠിനപ്രയത്നത്തിന്റെ സാക്ഷ്യമായി ഒരു പുരാതനമായ പള്ളി ഇപ്പോഴും അവിടെ സ്ഥിതിചെയ്യുന്നുമുണ്ട്. ഈ ജില്ലയിൽ ഒരുപിടി ക്രിസ്ത്യാനികൾ ഉണ്ടാകുവാനുള്ള കാരണം ഒരുപക്ഷേ ഇതായിരിക്കാം. ധൂൺഡാരി ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും ഹിന്ദുമതവിശ്വാസികളും രണ്ടാം സ്ഥാനത്ത് മുസ്ലിങ്ങളും തുടർസ്ഥാനം ജൈനമതക്കാർക്കും ആണ്. ക്രിസ്ത്യാനികൾ എണ്ണത്തിൽ വളരെ കുറവാണ്. ഇവിടെ കുറച്ച് വർഷത്തിനു മുൻപ് ചില ദൈവമക്കൾ ധൂൺഡാരി നിവാസികളുടെ ഇടയിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഒരു സുവിശേഷ കുടുംബം കൂടി വചനപരിഭാഷാ സംഘത്തോടൊപ്പം ചേർന്ന് അവരെ ശക്തിപ്പെടുത്തുകയും അവരുടെ പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വേകുകയും ചെയ്യുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഇവരുടെ ഇടയിൽ തുടങ്ങുകയും ഇപ്പോൾ ആ സംഘം ഒരു ധൂൺഡാരി ഭാഷാ നിഘണ്ടു പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ധൂൺഡാരി ഭാഷയിലുള്ള മർക്കോസിന്റെ സുവിശേഷവും അപ്പൊസ്തല പ്രവൃത്തികളും അച്ചടിക്ക് തയ്യാറായിട്ടുണ്ട്. ധൂൺഡാരി ക്രിസ്ത്യാനികൾ തങ്ങളുടെ ഗാനങ്ങൾ ആരാധനാ സമയത്ത് ഉപയോഗിക്കുവാൻ പ്രാദേശിക ഭാഷയിൽ പാട്ടു പുസ്തകം ഒരുക്കുവാൻ വളരെ താല്പര്യപ്പെട്ടിരിക്കുന്നു.



### പ്രാർത്ഥനയ്ക്കായി

- ധൂൺഡാരി ഭാഷയിലുള്ള ദൈവവചനം എല്ലാ വ്യക്തികളിലും എത്തിച്ചേരുവാൻ...
- ഈ പ്രദേശത്തുള്ള സുവിശേഷ സംഘടനകളും വേലക്കാരും ശക്തമായ രീതിയിൽ പ്രവർത്തിക്കുവാൻ...
- ധൂൺഡാരികളുടെ ഇടയിൽ ദൈവം അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഇടപെടുവാൻ..

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

വൈ.എം.ഇ.എഫ്. (വടക്കൻ വിഭാഗം) ബംഗാൾ കാമ്പയിൻ

## നിങ്ങൾ ആര്? എന്താണ് നിങ്ങളുടെ പരിപാടി?

**കു**ച്ച് ബഹാർ ജില്ലയിലെ പ്രവർത്തനങ്ങൾക്കായി സഹോദരന്മാരായ സാംജി ഐ.വി. (ചിറക്കേകോട്) ജോയി (മരോട്ടിച്ചാൽ) എൽദോ ഏബ്രഹാം (പാമ്പാകുട) എന്നിവരെ തൃശ്ശൂരിൽ നിന്നും സഹോദരൻ എം.സി. ജോർജ്ജ് പ്രാർത്ഥിച്ചയച്ചു. ട്രെയിൻ മാർഗ്ഗം പ്രവർത്തനസ്ഥലത്തു ക്ഷേമത്തോടെ എത്തിച്ചേർന്നു. ജില്ലയിലെ കോ-ഓർഡിനേറ്ററായ സഹോദരൻ തൻമോയി ഷായും സഹോദരന്മാരായ കാർത്തിക്, ലലിത് ദാസ് സുബ്രേഡോദാസ്, ഉത്പൽദാസ് ചേർന്നു ഗ്രാമങ്ങളിലുള്ള പ്രവർത്തനങ്ങളിൽ ഉൽസുകരായി. പകലന്തിയോളം പാടത്തും പറമ്പിലും കഠിനമായ ജോലി ചെയ്തു കഷ്ടതയിൽ ജീവിക്കുന്നവരാണ് മിക്ക ഗ്രാമീണരും. വീടുകളിൽ പ്രായമായവരാണ് എപ്പോഴും ഉള്ളത്. ജീപ്പിനു മാത്രം പോകുവാൻ കഴിയുന്ന ചെളിനിറഞ്ഞതും കുണ്ടും കുഴികളുമുള്ളതായ ഇടുങ്ങിയ റോഡുകളിലൂടെ സഞ്ചരിച്ചാണ് ഗ്രാമങ്ങളിൽ എത്തിയിരുന്നത്. ഞങ്ങൾ പാട്ടുപാടി പരസ്യയോഗം ആരംഭിക്കുമ്പോൾ വീട്ടിലുള്ളവർ കട്ടിലും കസേരയും കൊണ്ടുവന്നു വാഹനത്തിനടുത്തു ഇട്ടു തന്നു ഇരിക്കുവാൻ പറഞ്ഞു സ്വീകരിക്കുകയും അവരുടെ ഭാഷയിൽ "അസൂൻ ബോസൂൻ പാൻ ഖാൻ"
(വന്നിരുന്നു മുറുക്കാൻ തിന്നാലും)
എന്നു പറയുമ്പോൾ ഞങ്ങൾ അവരോട് "ഖുസിർ ഖബർ സുനൂൻ (വന്നാലും ശുഭവാർത്ത കേട്ടാലും) എന്നു പറയും. വളരെ അച്ചടക്കത്തോടെ സുവിശേഷം കേൾക്കുകയും ട്രാക്റ്റുകളും ചെറുപുസ്തകങ്ങളും വാങ്ങിച്ചു മടങ്ങുകയും ചെയ്യും. താമസ സ്ഥലത്തു നിന്നും വിദൂരമായ 58 ഗ്രാമങ്ങളിൽ രണ്ടാഴ്ചകളിൽ സുവിശേഷം അറിയിക്കുവാൻ ദൈവം സഹായിച്ചു. വീണ്ടും നിങ്ങൾ ഇവിടെ വരണം എന്നാവശ്യപ്പെട്ട പല ഗ്രാമീണരെയും കാണുവാൻ കഴിഞ്ഞു. രണ്ടാഴ്ചയിലെ ടീമിന്റെ നേതൃത്വം ഏറ്റെടുത്തത് സഹോദരൻ സാംജി ഐ.വി. ആയിരുന്നു. ഈ ദിവസങ്ങളിൽ ചെയ്ത വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും.

**ഞങ്ങൾ പാട്ടുപാടി പരസ്യയോഗം ആരംഭിക്കുമ്പോൾ വീട്ടിലുള്ളവർ കട്ടിലും കസേരയും കൊണ്ടുവന്നു വാഹനത്തിനടുത്തു ഇട്ടു തന്നു ഇരിക്കുവാൻ പറഞ്ഞു സ്വീകരിക്കുകയും അവരുടെ ഭാഷയിൽ "അസൂൻ ബോസൂൻ പാൻ ഖാൻ" (വന്നിരുന്നു മുറുക്കാൻ തിന്നാലും) എന്നു പറയുമ്പോൾ ഞങ്ങൾ അവരോട് "ഖുസിർ ഖബർ സുനൂൻ (വന്നാലും ശുഭവാർത്ത കേട്ടാലും) എന്നു പറയും.**

തുടർന്നുള്ള പ്രവർത്തനങ്ങൾ സുവിശേഷകൻ മനോജ് കെ.യു. പൂപ്പറമ്പിന്റെ നേതൃത്വത്തിലായിരുന്നു. കോ-ഓർഡിനേറ്ററിനോടൊപ്പം സഹോദരന്മാരായ നാഗൻ നർജിനറി ജയന്താദാസ് എന്നിവരും മുഴുവൻ സമയവും ടീമിനോടൊപ്പം മാസാവസാനം വരെ വേലയിൽ തുടർന്നു. ഒരു ഗ്രാമത്തിൽ വചനം ഘോഷിച്ചു മടങ്ങുമ്പോൾ 20 വർഷത്തിനുശേഷമാണ് ഈ വചനം കേൾക്കുന്നതെന്ന് ഒരു ഗ്രാമീണൻ പറയുകയുണ്ടായി. ആദ്യമായി സുവിശേഷം കേൾക്കുന്ന പലരും ഗ്രാമങ്ങളിൽ ഉണ്ടായിരുന്നു. ഇങ്ങനെയുള്ളവരുടെ അടുക്കലേക്ക് വചനവുമായി എത്തുവാൻ കഴിഞ്ഞതിൽ ഞങ്ങൾ ദൈവത്തിനു നന്ദി പറഞ്ഞു.

ഒരു ഗ്രാമത്തിലെ ചായക്കടയിൽ ഞങ്ങൾ ചെന്നപ്പോൾ അവിടെ കൂടി നിന്നവരിൽ ഒരാൾ നിങ്ങൾ ആരാണ്? എന്താണ് നിങ്ങളുടെ പരിപാടി എന്നു ചോദിച്ചപ്പോൾ അവിടുള്ളവരോട് സുവിശേഷം വ്യക്തമായി പങ്കുവച്ചു. "ശാന്തി" എന്ന ട്രാക്റ്റും വിതരണം ചെയ്തു. മാന്യ വസ്ത്രം ധരിച്ചു നിന്ന അസ്മിത്

**ഒരു ഗ്രാമത്തിൽ വചനം ഘോഷിച്ചു മടങ്ങുമ്പോൾ 20 വർഷത്തിനുശേഷമാണ് ഈ വചനം കേൾക്കുന്നതെന്ന് ഒരു ഗ്രാമീണൻ പറയുകയുണ്ടായി.**

അലി എന്ന യുവാവ്- ഈ ഭൂമിയിൽ ഒരു സമാധാനവുമില്ല ഞാൻ ആത്മഹത്യക്കു തീരുമാനിച്ചിരിക്കയാണ് എന്നു പറഞ്ഞപ്പോൾ ഞങ്ങൾ അദ്ദേഹത്തോട് വ്യക്തിപരമായി യേശുക്രിസ്തുവിലൂടെ സൗജന്യമായി ലഭിക്കുന്ന രക്ഷയും ശാന്തിയും സമാധാനവും പങ്കു വച്ചു. ഈ വ്യക്തിയെ പ്രാർത്ഥനയുടെ കരങ്ങളിൽ ദൈവജനം വഹിച്ചാലും. കമൽപാടാ ഗ്രാമത്തിലെ ഒരു എം.എൽ.എ. യുടെ മകൻ സുവിശേഷം ശ്രവിച്ച മാത്രയിൽ ഒരു ബൈബിൾ വാങ്ങി. കൂടുതൽ പഠിക്കുവാൻ ആഗ്രഹിക്കുന്ന ഈ യുവാവിനെ ദൈവം സഹായിക്കട്ടെ. സത്യം അറിയുവാൻ ഇടയാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിച്ചു.

ഈ മാസത്തെ സുവിശേഷ വേലയിൽ 198 ഗ്രാമങ്ങൾ സന്ദർശിക്കുവാൻ കൃപ നൽകി. 63 ബൈബിളുകളും അനേകം ചെറുപുസ്തകങ്ങളും ട്രാക്റ്റുകളും പുതിയ നിയമങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ചെയ്ത പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിച്ചാലും.

**സാംജി ഐ.വി. ചിറക്കേകോട്, മനോജ് കെ.യു പൂപ്പറമ്പ്**



വന്ന വഴികൾ – 50

ഇ.ജെ. പൈലി, അങ്കമാലി

# ഉത്തർപ്രദേശിലേക്ക്...

**പ്രിയമകൾ യൗവ്വന പ്രായത്തിൽ ക്യാൻസർ ബാധിതയായി കർത്തൃസന്നിധിയിൽ ചേർന്ന വിവരം ചില വർഷങ്ങൾക്കു ശേഷം കേട്ടപ്പോൾ വളരെ സങ്കടം തോന്നി.**

**അ**ടുത്ത കാമ്പയിൻ 1988-91-ൽ ഭാരതത്തിലെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ 3 വർഷക്കാലം നടത്താനാണ് വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം തീരുമാനിച്ചത്. അതനുസരിച്ച് വില്യംസും ഞാനും 24-09- 1988 -ൽ ആഗ്രയിലേക്കു പുറപ്പെട്ടു. 27-09-88-ൽ യു.പി.യിലെ സുവിശേഷകന്മാരുടെ ഒരു യോഗം ആഗ്രയിലെ സഹോദരൻ സി.വി. ബേബിയുടെ ഭവനത്തിൽ വിളിച്ചു കൂട്ടി. രണ്ടു വാഹനങ്ങളും രണ്ടു ടീമുകളുമായി മൂന്നു വർഷവും 3 മാസവും കൊണ്ട് യു.പി. യുടെ ഓരോ ജില്ലയിലും 3 ആഴ്ചകൾ പ്രവർത്തിക്കുന്നതിനുള്ള പരിപാടിയാണ് തയ്യാറാക്കിയത്.

അന്ന് യു.പി.യിൽ 57 ജില്ലകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ 75 ജില്ലകളുണ്ട്. നമ്മുടെ സുവിശേഷകന്മാരായി ഇത്ര വലിയ സംസ്ഥാനത്ത് ഇരുപത്തഞ്ചോളം പേർ മാത്രമാണ് പ്രവർത്തിക്കുന്നത് എന്നോർക്കുമ്പോൾ വേലയുടെ ആവശ്യം എത്ര വലിയതാണെന്നു ബോധ്യമാകും. യു.പി.യിലേക്ക് വേലക്കാരെ അയയ്ക്കുവാൻ നാം എത്ര മുട്ടിപ്പായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു!

27-9-88-ലെ മീറ്റിംഗിലേക്ക് മിക്കവാറും എല്ലാ സുവിശേഷകന്മാരും യു.പി.യുടെ വിവിധ ഭാഗങ്ങളിൽ നിന്നും കടന്നു വന്നിരുന്നു. വിശദമായി പ്രോഗ്രാം തയ്യാറാക്കി. അന്നു തന്നേ സഹോദരൻ ബേബിയുടെ ടൈപ്പ് റൈറ്ററിൽ പ്രോഗ്രാം ഞാൻ ടൈപ്പ് ചെയ്തുകൊണ്ടിരിക്കുമ്പോൾ ബേബിയുടെ മകൾ അത്ഭുതപ്പെട്ട് എന്നോടു ചോദിക്കുകയാണ്, "ഈ മൂന്നു വർഷങ്ങൾക്കുള്ളിൽ കർത്താവ് വന്നാലോ?" കർത്താവു വന്നില്ല. യു.പി. കാമ്പയിൻ പൂർത്തീകരിക്കുവാൻ കർത്താവിടയാക്കി. ദൈവത്തിനു സ്തോത്രം. പ്രിയമകൾ യൗവ്വന പ്രായത്തിൽ ക്യാൻസർ ബാധിതയായി കർത്തൃസന്നിധിയിൽ ചേർന്ന വിവരം ചില വർഷങ്ങൾക്കു ശേഷം കേട്ടപ്പോൾ വളരെ സങ്കടം തോന്നി. കർത്താവിന്റെ ഹിതം. ഭാരതത്തിൽ സുവിശേഷീകരണത്തിൽ നല്ല പങ്കു നിർവ്വഹിക്കണമെന്ന ആഗ്രഹത്തോടെ അമേരിക്കയിൽ നിന്നും കുടുംബമായി ആഗ്രയിൽ വന്ന് അവിടെ വലിയ ഒരു കെട്ടിടം പണിത് കർത്താവിനു വേണ്ടി അധ്വാനിച്ചിരുന്ന ഒരു പ്രിയ സഹോദരനാണ് ബേബി. ചില വർഷങ്ങൾക്കു മുമ്പേ താനും പ്രതിഫലം പ്രാപിക്കുന്നതിന് കർത്താവിന്റെ സന്നിധാനം ചേർന്നു. 'കർത്താവ് തന്റെ പ്രവർത്തകന്മാരെ മറവു ചെയ്യുന്നു; എന്നാൽ തന്റെ വേല താൻ തുടരുന്നു' (God buries His workmen, but carries on His work) മിസ്സിസ്സ് ബേബിയും മകൻ ചാർളിയും ഇപ്പോഴും ആഗ്രയിൽ താമസിച്ച് വേല തുടരുന്നു. അവരെ പ്രാർത്ഥനയിൽ ഓർക്കാം.

2-12-1988-ൽ യു.പി.യിൽ പ്രവർത്തിക്കേണ്ട ടീമുകളെയും രണ്ടു വാഹനങ്ങളെയും തൃശ്ശൂരിൽ നിന്നും യാത്ര അയച്ചു.

1988-ൽ തന്നെ എനിക്ക് പോസ്റ്റൽ സൂപ്രണ്ട് തസ്തികയിലേക്ക് അഖിലേന്ത്യാ തലത്തിൽ പ്രമോഷൻ ലഭിച്ചു. യു.പി. സർക്കിളിലേക്കാണ് അലോട്ടുമെന്റ് കിട്ടിയത്. അവിടെ സിതാപ്പൂർ ഡിവിഷനിലേക്ക് നിയമനവും ലഭിച്ചു. പോകാതിരിപ്പാൻ നിവൃത്തിയില്ല. ഭാഷ, ഭക്ഷണം, കാലാവസ്ഥ മുതലായ പല പ്രതികൂലങ്ങളും അവിടെയുണ്ട്. ഏതായാലും ഞാൻ പോകാൻ ഒരുങ്ങി. അപ്പോൾ ദൈവം അത്ഭുതം പ്രവർത്തിച്ചു. ഞാൻ ആവശ്യപ്പെടാതെ തന്നെ കേരള സർക്കിളിലേക്ക് അലോട്ടുമെന്റ് ചെയ്യുവാൻ ഇവിടുത്ത പി.എം.ജി. താല്പര്യപ്പെട്ടു. അങ്ങനെ എനിക്ക് കോഴിക്കോട്ടേക്ക് നിയമനം ലഭിക്കയും ചെയ്തു. ദൈവം തന്റെ മക്കൾക്കുവേണ്ടി പ്രവർത്തിക്കുന്ന അത്ഭുതവഴികൾ! പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ നിന്നും നിയമിച്ച യു.പി.യിലെ സീതാപ്പൂർ ടൗണിലേക്ക് 1991 ജൂലൈയിൽ വൈ.എം.ഇ.എഫ്. ടീമിൽ പ്രവർത്തിക്കുന്നതിന് പോകാനിടയായി. അതേപ്പറ്റി അടുത്തതിൽ.



യു.പി. യിലേക്ക് പുറപ്പെടുവാൻ തയ്യാറായി നിൽക്കുന്ന രണ്ടു വാഹനങ്ങൾക്കുമുന്നിൽ ടിമംഗങ്ങളിൽ ചിലരും യാത്രയയ്ക്കാൻ വന്നവരും. (2.12.1988-ലെ ചിത്രം)

പോസ്റ്റൽ സൂപ്രണ്ടിന്റെ ട്രെയിനിംഗിനു വേണ്ടി 1990 ആഗസ്റ്റിൽ മൈസൂരിലേക്ക് കടന്നു പോയി. ചില ആഴ്ചകൾ അവിടെ താമസിച്ചപ്പോൾ വിശ്വാസികളുമായി പഴയ സൗഹൃദം പുതുക്കുന്നതിനും ബൈബിൾ ക്ലാസ്സെടുക്കുന്നതിനും സാധിച്ചു. മൈസൂരിലെ ബെഥേൽ ബ്രദറൻ സഭയിൽ 2-9-90-ൽ കർത്താവിനെ ആരാധിക്കുന്നതിനും വചനം ശുശ്രൂഷിക്കുന്നതിനുമിടയായി. പിറ്റേ ശനിയാഴ്ച വെസ്ളി ചർച്ചിൽ വച്ചു നടന്ന വിശ്വവാണിയുടെ ഏകദിന കോൺഫറൻസിൽ പങ്കെടുത്തു. വിശ്വവാണിയിൽ കൂടെ നടന്നു കൊണ്ടിരിക്കുന്ന വലിയ പ്രവർത്തനത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ആന്ധ്ര മുതലായ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അവർ മാസം തോറും പണിയുന്ന ഹോളുകളുടെ വിവരം അറിയുമ്പോൾ നാം അത്ഭുതപ്പെടും. ഒരു ഞായറാഴ്ച കൊള്ളിഗൾ സഭ സന്ദർശിക്കുവാനിടയായി. നാനൂറോളം കുടുംബങ്ങൾ ഈ സഭയിലുണ്ട്. അവരോടൊരുമിച്ച് ആരാധിക്കുന്നതിനും വചനം ശുശ്രൂഷിക്കുന്നതിനും സാധിച്ചു. പെൺകുട്ടികൾക്കു വേണ്ടി നടത്തിയിരുന്ന ഒരു അനാഥാലയവും സന്ദർശിച്ചു. അമേരിക്കയിൽ നിന്നും വന്ന് ഇവിടെ 40-ൽ അധികം വർഷം പ്രവർത്തിച്ചശേഷം ഇപ്പോൾ ഇവിടെ വിശ്രമ ജീവിതം നയിക്കുന്ന രണ്ടു മിഷനറി വനിതകൾ അന്ന് അവിടെയുണ്ടായിരുന്നു. 16-09-1990-ൽ അനാഥശാല പ്രവർത്തനങ്ങളൊന്നുമില്ലാതെ നിശ്ചലമായിരിക്കുന്നതു കണ്ടു. പണ്ട് മി. വാർബട്ടൻ ഇവിടെ താമസിച്ചു പ്രവർത്തിച്ചിട്ടുണ്ട്. താൻ കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

**ഒരു ഞായറാഴ്ച കൊള്ളിഗൽ സഭ സന്ദർശിക്കുവാൻ ഇടയായി. നാനൂറോളം കുടുംബങ്ങൾ ഈ സഭയിലുണ്ട്. അവരോടൊരുമിച്ച് ആരാധിക്കുന്നതിനും വചനം ശുശ്രൂഷിക്കുന്നതിനും സാധിച്ചു.**

ഒരു ഞായറാഴ്ച (23-09-90) ഹസ്സൻസഭ സന്ദർശിക്കുന്നവാനിടയായി. അന്ന് അവിടെ ഉത്സാഹപൂർവ്വം പ്രവർത്തിച്ചിരുന്ന (ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്ന) സഹോദരൻ വസന്ത് കുമാറിന്റെ ക്ഷണമനുസരിച്ചാണ് പോയത്. നല്ല ഒരു സഭ അന്ന് അവിടെയുണ്ടായിരുന്നു. അവിടെ വചനം ശുശ്രൂഷിക്കാനും നല്ല ആത്മീയ കൂട്ടായ്മ അനുഭവിപ്പാനുമിടയായി. തേജ്പാൾ, അലൻ എന്നീ രണ്ടു സഹോദരന്മാർ അന്നു മൈസൂർ സഭയിലുണ്ടായിരുന്നത് ഓർക്കുന്നു. 27-9-90-ൽ മൈസൂറിൽ നിന്നും മടങ്ങി.

## ▶ 1 വൈകി വന്ന വസന്തം

പാനപാത്രക്കാരുടെ പ്രമാണി യോസേഫിനെ മറന്നു. ഒരമ്മ തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കയില്ല എന്നു പറഞ്ഞ ദൈവം ഹന്നയെ ഓർത്തു.

വിറയാർന്ന തന്റെ കൈകൾ ആ കുഞ്ഞിനെ താലോലിക്കുന്നു. ആശ നഷ്ടപ്പെട്ട തന്റെ അധരങ്ങൾ താരാട്ട് പാടുന്നു. മങ്ങിതുടങ്ങിയ നയനങ്ങൾ നനഞ്ഞു. നാഥനെ നന്ദി ചൊല്ലുന്നു. വർഷങ്ങൾ ചിലതു കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. പൈതൽ മുലകുടി മാറി. ആ അമ്മ മൂന്നു വയസ്സുള്ള ഒരു കാളയും, ഒരു പറമാവും ഒരു തുരുത്തി വീഞ്ഞുമായി യഹോവയുടെ ആലയത്തിൽ ചെന്നു (1 ശമു. 1:24). പുരോഹിതനായ ഏലിയുടെ അടുക്കൽ കൊണ്ടു ചെന്നിട്ടു പറഞ്ഞു, ഈ ബാലനായിട്ടാണ് ഞാൻ പ്രാർത്ഥിച്ചത്. ഞാൻ യഹോവയോട് കഴിച്ച അപേക്ഷ യഹോവ എനിക്ക് നല്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ അവനെ യഹോവയ്ക്ക് നിവേദിച്ചിരിക്കുന്നു. അവൻ ജീവപര്യന്തം യഹോവയ്ക്ക് നിവേദിതനായിരിക്കും. അവർ അവിടെ യഹോവയെ നമസ്കരിച്ചു (1 ശമു. 1:28). അതിനു ശേഷവും ഹന്ന ദൈവത്തോടു പ്രാർത്ഥിക്കുന്നു (8:1). നേരത്തെ പ്രാർത്ഥിക്കുമായിരുന്നു അതിനു മറുപടി കിട്ടിയപ്പോൾ നന്ദി പറഞ്ഞു നമസ്കരിച്ചു പ്രാർത്ഥിക്കുന്നു. പൈതലിനെ ദൈവസന്നിധിയിൽ സമർപ്പിച്ചു ആ ദമ്പതികൾ രാമയിലേക്കു മടങ്ങി.

ബാലൻ പുരോഹിതനായ ഏലിയുടെ അടുക്കൽ യഹോവയ്ക്കു ശുശ്രൂഷ ചെയ്തു പോന്നു (1 ശമു. 2:11). ശമുവേൽ ബാലനോ

**ഇത്രയും തിരക്കിനിടയിലും തന്റെ വീട്ടിൽ ഒരു യാഗപീഠം പണിതിരുന്നു. ആരാധനയുടെ പ്രാധാന്യം മറക്കാതെ കാത്തു സൂക്ഷിച്ചു.**

വളരും തോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു (1 ശമു. 2:26). ആ കാലത്തു യഹോവയുടെ വചനം ദുർല്ലഭമായിരുന്നു എങ്കിലും ദൈവം ശമുവേലിനോടു സംസാരിക്കുന്നു. അരുളിച്ചെയ്യണമേ അടിയൻ കേൾക്കുന്നു എന്നു പറഞ്ഞു. ഏലിയുടെ കുടുംബത്തിൽ വരുവാൻ പോകുന്ന വലിയ ദുരന്തം തന്റെ പൈതലിന് ദൈവം വെളിപ്പെടുത്തി, എന്നു മാത്രമല്ല യഹോവ വീണ്ടും വീണ്ടും ശീലോവിൽ വെച്ചു അവന് പ്രത്യക്ഷനായി (1 ശമു. 3:21). അവന്റെ അമ്മ വർഷംതോറും കൊണ്ടു കൊടുക്കുന്ന പഞ്ഞിനൂൽ കൊണ്ടുള്ള അങ്കി ധരിച്ചു ശമുവേൽ യഹോവയ്ക്ക് ശുശ്രൂഷ ചെയ്തു പോന്നു.

ശമുവേൽ വളർന്നു വലുതായി. ദൈവാത്മാവ് തന്നെക്കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കുക. ആദ്യത്തെ പ്രവാചകൻ (പ്രവൃ. 3:24). മാത്രമല്ല മോശെയ്ക്കു ശേഷം മഹാനായി അറിയപ്പെട്ടു. (യിരെ. 15:1). തന്റെ മാതാവിനെ പോലെ പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ മനുഷ്യനായിരുന്നു. തന്റെ പ്രാർത്ഥനാജീവിതം ഏതു കാലയളവിലും ജീവിക്കുന്ന ദൈവമക്കൾക്ക് മാതൃക തന്നെ. അദ്ദേഹം പറകയാണ്, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും (1 ശമു. 7:5). യിസ്രായേൽ ജനങ്ങളുടെ പ്രതികരണം നോക്കുക. ഞങ്ങൾക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നതു മതിയാക്കരുതേ (1 ശമു. 7:8). യിസ്രായേൽ സഭയുടെ ധൈര്യം നോക്കുക. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരുവനുണ്ട്. എത്ര ആശ്വാസം. ഇന്നിന്റെ കുറവും ഇതു തന്നെയല്ലേ? ശമുവേൽ ഒരു പ്രവാചകൻ ആയിരുന്നു എന്നു മാത്രമല്ല, വിശ്വസ്ത പ്രവാചകനായിരുന്നു (1 ശമു. 3:20). അതു നാം അടിവരയിട്ടു ധ്യാനിക്കേണ്ടതാണ്. ആത്മിക ശുശ്രൂഷയെല്ലാം നമ്മിലൂടെ വിശ്വസ്തതയോടെ നിറവേറ്റപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു.

താൻ നല്ലൊരു ന്യായാധിപൻ ആയിരുന്നു. ശമുവേൽ ജീവപര്യന്തം യിസ്രായേലിനു ന്യായപാലനം ചെയ്തു. (1 ശമു. 7:15). തന്റെ ന്യായപാലനരീതി നോക്കുക. താൻ ആണ്ടുതോറും ബഥേലിലും ഗില്ഗാലിലും മിസ്പയിലും ചുറ്റി സഞ്ചരിച്ചു. യിസ്രായേലിന് ന്യായപാലനം നടത്തി രാമയിലേക്കു മടങ്ങി വരും (1 ശമു. 7:16). തന്റെ വീട് ന്യായപാലനത്തിനായി മാറ്റിവെച്ചു. (7:17). തന്റെ അടുക്കൽ വരുന്നവർക്കും തന്റെ ശുശ്രൂഷ ആവശ്യമുള്ളവർക്കും അവരുടെ അടുക്കൽ എത്തുവാൻ തന്റെ കാലുകൾ ഓടി. വിശ്രമരഹിതനായി ന്യായപാലനം നടത്തി മാത്രമല്ല താൻ അവസാനത്തെ ന്യായധിപനും ആയിരുന്നു (പ്രവൃ. 13:20). ഇത്രയും തിരക്കിനിടയിലും തന്റെ വീട്ടിൽ ഒരു യാഗപീഠം പണിതിരുന്നു. ആരാധനയുടെ പ്രാധാന്യം മറക്കാതെ കാത്തു സൂക്ഷിച്ചു.

നന്നേ ബാല്യത്തിൽ പുരോഹിത ശുശ്രൂഷ ചെയ്തു, ന്യായപാലനം നടത്തി, നല്ലൊരു പ്രവാചകനായിരുന്നു, ശ്രേഷ്ഠനായ പ്രാർത്ഥനാ മനുഷ്യനായിരുന്നു, ദൈവത്തെ ആരാധിക്കാൻ നന്ദിയുള്ള ഒരു ഹൃദയം തനിക്കു ഉണ്ടായിരുന്നു, മാന്യനായ കുടുംബസ്ഥനുമായിരുന്നു. ഈ നിലകളിൽ എല്ലാം താൻ തിളങ്ങുവാൻ കാരണം തന്റെ ദൈവ ഭക്തിയും മാതാവിന്റെ പ്രാർത്ഥനാ പിൻബലവും ആയിരുന്നു.

താൻ ഈ നിലകളിൽ ശുശ്രൂഷകൾ ചെയ്യുമ്പോൾ തന്റെ മാതാവ് തന്നരികിൽ ഇല്ല. ഒരുപക്ഷെ ആ വന്ദ്യമാതാവ് ഈ മകന്റെ അരികിൽ ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെ പറയുമായിരിക്കാം: ദൈവമേ അങ്ങയ്ക്കു നന്ദി എനിക്കു മക്കളെ നല്കാൻ ഇത്രയും വൈകിയത് എത്രയും നല്ലത് നല്കാൻ വേണ്ടിയായിരുന്നല്ലോ അങ്ങയ്ക്ക് സ്തോത്രം. വൈകിയാണെങ്കിലും ഏറ്റവും നല്ലതു തന്നല്ലോ ഒരായിരം നന്ദി.

# കെ.ഇ.എം. ഫണ്ട് അറിയിപ്പുകൾ

**കുമ്പനാട്:** കെ.ഇ.എം.ഫണ്ടിലൂടെ ക്രമമായി സഹായം ലഭിക്കുന്ന സുവിശേഷകന്മാരുടെ അഡ്രസ് ബുക്ക് പുതുക്കി പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്നു. മേൽവിലാസത്തിലോ ടെലിഫോൺ നമ്പരിലോ മാറ്റം വന്നിട്ടുള്ളവർ വിശദവിവരങ്ങൾ കെ.ഇ.എം. ഫണ്ട് മേൽവിലാസത്തിലോ ഇ.മെയിലിലോ എത്രയും വേഗം അയച്ചു തരണം. ഇ-മെയിൽ വിലാസം ചേർക്കുന്നതിനു താൽപര്യമുള്ളവർ ആ വിവരങ്ങളും അറിയിക്കണം.

കെ.ഇ.എം. ഫണ്ട് ഉൾപ്പെടെയുള്ള വിവിധ ട്രസ്റ്റുകൾക്ക് അമേരിക്കയിൽ നിന്നുള്ള ചെക്കുകൾ ലഭിച്ചുകൊണ്ടിരിക്കുന്നത് ഏപ്രിൽ 1-ാം തീയതി മുതൽ നിയമപരമായ കാരണങ്ങളാൽ ഇന്ത്യയിലെ ബാങ്കുകൾ സ്വീകരിക്കുന്നില്ല. നമ്മുടെ ഫണ്ടിലേക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രാധാന വരുമാനം നിന്നു പോകുന്നത് എല്ലാ ഫണ്ടുകളെയും പൊതുവെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ദൈവമക്കളുടെ ശ്രദ്ധയേറിയ പ്രാർത്ഥന ആവശ്യമായിരിക്കുന്നു.

ഇൻഡ്യൻ ഓവർസീസ് ബാങ്കിലെ കമ്പ്യൂട്ടർ നവീകരിച്ചതിന്റെ ഫലമായി ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഒരിക്കൽ കൂടി നൽകേണ്ടിയിരിക്കുന്നു. ആയതിനാൽ സുവിശേഷകന്മാർ എത്രയും വേഗം താഴെപ്പറയുന്ന വിവരങ്ങൾ അറിയിക്കണം.

*ബാങ്ക് അക്കൗണ്ടിലേതുപോലെ പേര്, ബാങ്കിന്റെ പേര്, ബ്രാഞ്ചിന്റെ പേര്, ഐ.എഫ്.എസ്.സി കോഡ്, അക്കൗണ്ട് ഹോൾഡറിന്റെ മൊബൈൽ നമ്പർ. (വിവരങ്ങൾ ഇംഗ്ലീഷിൽ എഴുതണം).*

ദൈവകൃപയാൽ കെ.ഇ.എം. ഫണ്ടിന് ട്രസ്റ്റ് ആക്ട് ആനുസരിച്ച് രജിസ്ട്രേഷൻ ലഭിക്കാനിടയായി എന്നത് സ്തോത്രത്തിനായി അറിയിക്കുന്നു.

കെ.ഇ.എം. ഫണ്ട് പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുയും സഹകരിക്കുകയും ചെയ്യുക.

വിലാസം: Secretary, KEM Fund, Melathethil, Kumbanad, Kerala, India 689 547
E-mail: kemfund@gmail.com, Website: www.kemfund.org

*പി.ഇ. സാംകുട്ടി (സെക്രട്ടറി)*

# വൈ.എം.ഇ.എഫ്. പ്രാർത്ഥനായോഗം

**പത്തനാപുരം:** ദൈവത്തിന്റെ അളവറ്റ കൃപയാൽ വൈ.എം.ഇ.എഫ്. പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നു. പത്തനാപുരം സെന്ററിന്റെ അടുത്ത പ്രാർത്ഥനായോഗം 2016 ജൂലൈ 9 (ശനി) വൈകിട്ട് 3-ന് അഞ്ചൽ ബ്രദറൺ അസംബ്ലി ഹാളിൽ നടക്കുന്നു. വചന ധ്യാനം അപ്പൊ. പ്രവൃത്തികൾ 15-ാം അധ്യായം. പ്രാർത്ഥനയോടെ പങ്കെടുക്കുക.

*ശ്രീകുമാർ കീരിക്കൽ (സെക്രട്ടറി) 9495190361*

# മഹത്വത്തിൽ



**പത്തനംതിട്ട:** കോന്നി ബ്രദറൺ അസംബ്ലി അംഗമായ പൂവൻപാറ കല്ലേലുവിള **ഒ. വർക്കി (76)** ജൂൺ 25-ന് കർത്താവിൽ നിദ്രപ്രാപിച്ചു. ജൂൺ 28-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിലായിരിക്കുന്നവരെ പ്രാർത്ഥനയിൽ ഓർക്കുക.



**മുണ്ടുകോട്ടയ്ക്കൽ:** വടക്കേമുറിയിൽ **എം. ജെ. തോമസ് (ഉണ്ണൂണ്ണി-93)** ജൂൺ 11-ന് മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. ജൂൺ 17-ന് മുണ്ടുകോട്ടയ്ക്കൽ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തടിയൂർ:** പുലിയോടിൽ മുരുപ്പേൽ **മാത്യൂ പി. തോമസ് (മാത്തുക്കുട്ടി- 67)** ജൂൺ 25-ന് മഹത്വതീരത്തേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂൺ 27-ന് തടിയൂർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗദുഃഖത്തിലായിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർക്കുക.

**കോയമ്പത്തൂർ:** തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ മുൻ ഡയറക്ടർ പരേതനായ ഡോ.കെ.എൻ. നമ്പൂതിരിപ്പാടിന്റെ പത്നി പട്ടാമ്പി കുറ്റനാട് കൂഡല്ലൂർ മനയിൽ **ഗൗരി നമ്പൂതിരിപ്പാട് (92)** താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂൺ 18-ന് അനേക വിശ്വാസികളുടെ സാന്നിധ്യത്തിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കുന്നക്കുരുടി:** സുവിശേഷകൻ വി.പി. പൗലോസിന്റെ സഹോദരിയും സഹോദരൻ മനശ്ശെയുടെ സഹധർമ്മിണിയുമായ **കുഞ്ഞുപെണ്ണ് (70)** കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. വിയോഗ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കോടഞ്ചേരി:** കരുവേലിൽ സുവിശേഷകൻ **കെ.എസ്. മാത്യൂ (അച്ചൻ കുഞ്ഞ്- 62)** ജൂൺ 13-ന് താൻ പ്രിയം വച്ചിരുന്ന പ്രത്യാശാതീരത്തേക്ക് പ്രവേശിച്ചു. ഭൗതികശരീരം ജൂൺ 15-ന് കോടഞ്ചേരി ബ്രദറൺ സഭയുടെ ചുമതലയിൽ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിൽ കഴിയുന്ന ബന്ധുമിത്രാദികളെയും ചാർച്ചക്കാരെയും പ്രാർത്ഥനയിൽ ഓർക്കുക.



**കൊട്ടാരക്കര:** തൃക്കണ്ണമംഗൽ നോർത്ത് ബ്രദറൺ അസംബ്ലി അംഗമായ കല്ലുവെട്ടാംകുഴി **റ്റി. കോശി (72)** ജൂൺ 14-ന് നിത്യഭവനത്തിലേക്ക് ചേർക്കപ്പെട്ടു. ജൂൺ 16-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ ദൈവകരങ്ങളിൽ ഭരമേല്പിച്ച് പ്രാർത്ഥിക്കുക.



**തിരുവനന്തപുരം:** ചിറ്റിക്കോണം ബ്രദറൺ സഭാംഗമായ സഹോദരി **വൽസല എ. (53)** മെയ് 31-ന് കർത്താവിൽ നിദ്ര പ്രാപിച്ചു. കർത്താവിന്റെ പ്രത്യക്ഷതയിൽ സഹോദരിയെ വീണ്ടും കാണാം എന്ന പ്രത്യാശയോടെ അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ ചിറ്റിക്കോണം ബ്രദറൺ സഭയുടെ ചുതലയിൽ നടന്ന ശുശ്രൂഷകളോടെ ഭൗതികശരീരം ജൂൺ 1-ന് സംസ്കരിച്ചു. ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**എറണാകുളം:** കാഞ്ഞിരമറ്റം ഞാളിയത്ത് **റെജി ജോർജ്ജ് (52)** ജൂൺ 17-ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. തിരുവാങ്കുളം ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗമായിരുന്നു. ഭൗതികശരീരം ജൂൺ 18-ന് സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

# ബൈബിൾ ക്വിസ് -107
## (സങ്കീർത്തനങ്ങൾ)

1. എളിയവനെ തന്റെ വലയിൽ ചാടിച്ചു പിടിക്കുന്നതാര്?
2. യഹോവ പരിച കൊണ്ടെന്നപോലെ ദയകൊണ്ട് മറയ്ക്കുന്നതാരെ?
3. "മരണപാശങ്ങൾ എന്നെ വളഞ്ഞു മരണത്തിന്റെ കെണികളും എന്നെ തുടർന്നു പിടിച്ചു" എന്നു പാടിയതാര്?
4. അനർത്ഥം കൊല്ലുന്നതാരെ?
5. "ഞാൻ എന്റെ സകല പിതാക്കന്മാരെയും പോലെ തിരുസന്നിധിയിൽ അന്യനും പരദേശിയും ആകുന്നുവല്ലോ" എന്നു പറഞ്ഞതാര്?
6. "ഞാൻ നിലയില്ലാത്ത ആഴമുള്ള ചേറ്റിൽ താഴുന്നു" എന്നു പാടിയതാര്?
7. സങ്കീർത്തനക്കാരൻ പറയുന്നതനുസരിച്ച് തമ്മിൽ എതിരേറ്റിരിക്കുന്ന രണ്ടു വസ്തുതകൾ ഏതെല്ലാം?
8. "ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിനു മുമ്പിൽ വയ്ക്കുകയില്ല" എന്നു പറഞ്ഞതാര്?
9. തമ്മിൽ ഇണക്കിയ നഗരമായി പണിതിരിക്കുന്നത് ഏത്?
10. സർപ്പം പോലെ തങ്ങളുടെ നാവുകളെ കൂർപ്പിക്കുന്നത് ആര്?

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

**ബൈബിൾ ക്വിസ് 104 – ശരിയുത്തരങ്ങൾ**

1. സാധുക്കളുടെ (9:18) 2. അന്യദേവനെ (16:4) 3. ദാവീദ് (31:5) 4. നീതിമാൻ (37:21) 5. നീതിമാൻ (58:10) 6. ദാവീദ് (3:5) 7. ദൈവം (76:4) 8. നീതിമാൻ (97:11) 9. നീതിമാൻ(112:6) 10. ദാവീദ് (141:2)

**ക്വിസ് 100 – ശരിയുത്തരം അയച്ചവർ**

Mariyamma George Kunnanthanam, Suseela Biju Cheppad, Sheena Santhosh Thriperumthura, Ditty Sunny Thalikod, Sam Kizhavaramannil Mumbai, Philomol K. Varghese South Chittoor, Spurjan K.J. Trivandrum, P.V. Elizebeth Peroorkada, Jane Mathew Palakkad, Jolly Mathew Kalanjoor, Nicey Renji Cheppad, Annamma Chacko Ranni, Alice Korah Puthuppally, Mary George Ranny, O. Thomas Cheppara, Tony Varghese Pathanamthitta, P.S. George Trivandrum, Annamma Samuel Thriperumthura, Annamma Thomas Mumbai, K. Prabhakaran Thiruvananthapuram, Juby P. Paul Trissur, Ponnamma Raju Sharjah, Jeemon Daniel Mallappally, C.M. Daniel Thrissur, Priya Anil Panthalam, Saramma Thomas Kottayam, Jaison Thomas Kottarakara, P.K. Geeorgekutty Perumbavoor, John Benjamin K. Vappala, Annamma Baby Mathew Ponkunnam, John Mathew Thiruvalla, Moly Joy Muvattupuzha, Sheeba Janet Bangalore, Darley Samuel Chennai, Grace John Mathew Mylapra, Rosammma Thomas Thadiyoor, Moly Issac Kottarakkara, Moly Zacharia Kottayam

# സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**ലംതാപുട്ട്-ഒഡീഷ:** മെയ് 6-8 വരെ നടന്ന വിശ്വാസികളുടെ ഉണർവ്വുയോഗത്തിൽ 155 പേർ പങ്കെടുത്തു. അധികം പേരും പുതിയ തീരുമാനങ്ങളോടും ഉത്സാഹത്തോടും മടങ്ങി. ഗ്രാമസുവിശേഷ പ്രവർത്തനത്തിലൂടെ വിശ്വാസത്തിലേക്കു വന്ന 6 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു സഭയോടു ചേർന്നു. ഇവരുടെ ആത്മീയ വർദ്ധനവിനും നിലനിൽപ്പിനുമായി പ്രാർത്ഥിച്ചാലും. "മക്കളെ നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ" (കൊലോ. 3:20). ഈ വിഷയത്തിന്മേൽ ക്ലാസ്സുകളും ദാവീദിന്റെ ചരിത്രത്തിന്മേൽ വി.ബി.എസും. ജൂൺ 1-3 വരെ നടന്നു. 100 ലധികം കുഞ്ഞുങ്ങൾ പങ്കെടുത്തു.

16-ാം ബാച്ച് ബൈബിൾ ട്രെയിനിംഗ് ജൂൺ 29-ന് ആരംഭിക്കുന്നു. 6 മാസത്തെ കോഴ്സിലേക്ക് 15 തദ്ദേശീയ യുവാക്കൾ പങ്കെടുക്കും. കുന്തമാൽ, കോരാഫുട്ട്, മൽക്കാൻഗിരി ജില്ലകളിലെ സഭകളിൽ നിന്നുമുള്ള നൂറോളം യുവാക്കൾക്കായി ഒക്ടോബർ 10-12 വരെ 3 ദിവസത്തെ യൂത്ത് ക്യാമ്പ് നടത്തുന്നുണ്ട്. "നിന്റെ ഹൃദയത്തിൽ നിന്ന് വ്യസനം അകറ്റി ദേഹത്തിൽ നിന്ന് തിന്മ നീക്കികളക" (സഭാ. 11:10) എന്നതാണ് ക്യാമ്പ് തീം. പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.

*ജോസഫ് ജോർജ്ജ്, തോമസ് കെ.സി.*

**ഒറ്റപ്പാലം:** കഴിഞ്ഞ ഒന്നര വർഷത്തോളമായി അക്രൈസ്തവർ തിങ്ങിപ്പാർക്കുന്ന ഒറ്റപ്പാലത്ത് വ്യത്യസ്ത സമുദായങ്ങളിൽ നിന്ന് രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു മുമ്പോട്ടു വന്നിട്ടുള്ള ഒരു കൂടിവരവാണ് ഒറ്റപ്പാലം ബ്രദറൺ അസംബ്ലി. സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നു. ഈ വെക്കേഷൻ സമയങ്ങളിൽ പാലക്കാടു ജില്ലയിലെ ആദിവാസി മേഖലയായ അട്ടപ്പാടിയിൽ അവിടുള്ള സഹോദരന്മാരോടും സുവിശേഷകന്മാരോടും ചേർന്ന് സുവിശേഷവുമായി കുട്ടികൾക്കിടയിൽ എന്ന ലക്ഷ്യത്തോടെ "വെക്കേഷൻ ബാലസംഘം" എന്ന പേരിൽ 9 സ്ഥലങ്ങളിൽ കോളനികൾ കേന്ദ്രീകരിച്ച് നടത്തിയ ശുശ്രൂഷകൾ അനുഗ്രഹമായി. ധാരാളം കുട്ടികളും മാതാപിതാക്കളും പങ്കെടുത്തു, അനുധാവന പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്.

ഇവിടെ സഭാകൂടിവരവ് ഒരു വാടക ഭവനത്തിലാണ് നടക്കുന്നത്, പ്രായോഗികമായ പല പ്രയാസങ്ങളും അതോടുള്ള ബന്ധത്തിൽ ഉണ്ട്. സഭയ്ക്കു സ്വന്തമായ സ്ഥലവും ഹാളും അത്യാവശ്യമായി ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യപ്പെടുന്നു. സുവിശേഷകൻ ബിനു ജോസ് ഇവിടെ പ്രവർത്തിച്ചു വരുന്നു. സഭയുടെ വിലാസം: Ottapalam Brethren Assembly, P.O. Box No.6, Ottapalam, Palakkad (Dist) Pin. 679 101

*ബിനു ജോസ്, മുരളിദാസ്, വിനു സൈലസ്*

# പരസ്യയോഗങ്ങൾ

**തൃശ്ശൂർ:** മാന്ദാമംഗലം സഭയുടെയും, കൊടകര സഭയുടെയും സഹകരണത്തിലും മോചനം ഗോസ്പൽ ടീമിന്റെ നേതൃത്വത്തിലും 2016 ആഗസ്റ്റ് 15,16 തീയതികളിൽ പരസ്യയോഗങ്ങളും രാത്രിയോഗങ്ങളും നടത്തുവാൻ ഞങ്ങൾ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ഈ യോഗങ്ങളിൽ സുവിശേഷകന്മാരായ (ജോയി ക്രാരിയേലി, രാജേഷ് വാക്കാട്, എം.ആർ. ഷൈജു ചാലക്കുടി, പി.സി. റെജി, ഒ.ജെ. ജോസഫ് മാന്ദാമംഗലം, ജാക്സൺ വരാക്കര, സി.ആർ. സുരധരൻ തൃശ്ശൂർ തുടങ്ങിയവർ വചനം പ്രസംഗിക്കുന്നു. കൂടാതെ ഇരുസഭകളിലേയും സഹോദരന്മാർ ഈ വേലയിൽ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതാണ്.

*ശശി ഇഞ്ചക്കുണ്ട് (9495196732)*

# പുതിയ ഭാരവാഹികൾ

**കൊട്ടാരക്കര:** കൊട്ടാരക്കരയും ചുറ്റുപാടുമുള്ള 70-ൽ പരം ബ്രദറൺ സഭകളുടെ ആത്മിക കൂട്ടായ്മയായ ബ്രദറൺ സ്പിരിച്വൽ ആന്റ് ചാരിറ്റബിൾ അസ്സോസിയേഷന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്: എ. ഓ. തോമസ്, വൈസ് പ്രസിഡന്റുമാർ: പ്രൊഫ. മാത്യൂസ് ഏബ്രഹാം, പി.പി. മാത്യു, സെക്രട്ടറി: വി.കെ. മാത്യു, ജോ. സെക്രട്ടറിമാർ: ജോൺസൺ പി. സാം, കെ.വി. പീറ്റർ, ട്രഷറർ: പ്രൊഫ. എം.എം. ജേക്കബ്. പുതിയ ഭാരവാഹികളെയും അടുത്ത വർഷത്തെ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമേ.

*വി.കെ. മാത്യു (സെക്രട്ടറി)*

# വേദനിക്കുന്നവരുടെ അരികിലേക്ക്....

## ഹോസ്പിറ്റൽ മിനിസ്ട്രീസ് പ്രവർത്തനം വ്യാപിപ്പിക്കുന്നു.

**റാന്നി:** ഹോസ്പിറ്റൽ മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി ഒരു വർഷം കൂടെ തുടരുവാൻ കർത്താവു സഹായിച്ചു. പിന്നിട്ട 31 വർഷക്കാലവും ആലോചന നൽകി നടത്തിയ കർത്താവിന് നന്ദിപൂർവ്വം സ്തോത്രം അർപ്പിക്കുന്നു. ചുരുക്കം പേരോടു കൂടി റാന്നിയിലും പരിസരങ്ങളിലുമുള്ള ആശുപത്രികളിൽ മാത്രം സുവി ശേഷസാക്ഷ്യം വഹിച്ച് തുടക്കം കുറിച്ച ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ന് കേരളമൊട്ടാകെ സഞ്ചരിച്ച് ശുശ്രൂഷ നിർവ്വഹിച്ചു പോരുന്നു.

വൈദ്യശാസ്ത്രവും സമൂഹവും ബന്ധുക്കളും, കുടുംബാംഗങ്ങളും മനസ്സില്ലാമനസ്സോടെ ഉപേക്ഷിക്കേണ്ടി വരുന്നവരാണല്ലോ മിക്ക രോഗികളും. അവരെ സ്നേഹിക്കുവാനും, രക്ഷിക്കുവാനും മരണത്തിനും അപ്പുറത്തെ പ്രത്യാശ നൽകുവാനും ഒരാൾ ഉണ്ട് എന്ന് അറിയുമ്പോൾ അവരുടെ ആശ്വാസം എത്ര വലുതാണ്. ഹോസ്പിറ്റൽ മിനിസ്ട്രീസ് ഈ ശുശ്രൂഷയാണ് ചെയ്യുന്നത്. അതിവേദന ഉളവാക്കുന്ന ക്യാൻസർ പോലെയുള്ള രോഗങ്ങളിൽ കഴിയുന്നവർക്ക് ആത്മാവിന്റെ ഭാവി സുരക്ഷിതമാക്കുന്ന രക്ഷാസന്ദേശം പങ്കുവയ്ക്കുമ്പോൾ താല്പര്യത്തോടെ രക്ഷകനെ സ്വീകരിക്കുന്നത് പതിവു കാഴ്ചയാണ്. ഒപ്പം കണ്ണുകളെ നനയിക്കുന്ന അനുഭവുമാണ്. വേദനയുടെ നടുവിലും ഈ നല്ല രക്ഷകനെ വേണ്ടാ എന്നു പറഞ്ഞവരും വളരെയുണ്ട്.

രോഗികൾക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന ബുക്ക്ലെറ്റുകൾ രോഗികൾക്കും പരിചരിക്കുന്നവർക്കും സൗജന്യമായി വിതരണം ചെയ്യുന്നു. പ്രവർത്തകർ മടങ്ങിയാലും അവരെ ഏല്പിക്കുന്ന ബുക്ക്ലെറ്റുകളും ട്രാക്റ്റുകളും അവരുടെ ഹൃദയങ്ങളോട് വീണ്ടും സംസാരിച്ചു കൊണ്ടിരിക്കുന്നു. സത്യാന്വേഷകരായി നിരവധി പേർ കത്തുകൾ അയയ്ക്കുകയും അനുധാവനപ്രവർത്തനങ്ങളിലൂടെ അവ സത്യപാതയിലേക്ക് നയിക്കുകയും ചെയ്യുവാൻ കർത്താവ് സഹായിക്കുന്നു. നിർധനരായ രോഗികൾക്ക് സാമ്പത്തിക സഹായവും ഭക്ഷണവും വസ്ത്രവും നൽകുവാൻ ഈ വർഷവും ഇടയായി.

കേരളത്തിന്റെ വിവിധ ജില്ലകളിൽ ഹോസ്പിറ്റൽ മനിസ്ട്രിയുടെ പ്രവർത്തകരുണ്ട്. അവർക്ക് ലിറ്ററേച്ചറും അത്യാവശ്യ സഹായങ്ങളും മാസം തോറും കൊടുത്തു കൊണ്ടിരിക്കുന്നു. ആഴ്ചതോറും പ്രാർത്ഥനയ്ക്കായി കൂടിവരുന്നു. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പ്രവർത്തകർ ഒരുമിച്ചു കൂടി പ്രാർത്ഥിക്കുവാനും സ്തോത്രം അർപ്പിക്കുവാനും ഇടയാകുന്നു. ഈ വർഷത്തെ സ്തോത്ര സമ്മേളനം 2016 മാർച്ച് 22-നു നടന്നു. പ്രസ്തുത സമ്മേളനത്തിൽ ബ്രദർ ഏബ്രഹാം തോമസ് (ടി.എം.എം. ചാപ്ലയിൻ) വചനം ശുശ്രൂഷിച്ചു. വാർഷിക റിപ്പോർട്ടും, വരവു ചെലവ് കണക്കും എല്ലാവർഷവും കൃത്യമായി പ്രസിദ്ധീകരിക്കുന്നുണ്ട്.

കഴിഞ്ഞ വർഷവും ഹോസ്പിറ്റൽ മിനിസ്ട്രിയുടെ ഫലകരമായ മുന്നേറ്റത്തിന് പ്രാർത്ഥിച്ചവർ സാമ്പത്തിക സഹായം നൽകി സഹായിച്ച വ്യക്തികൾ, സഭകൾ, ലിറ്റ



റേച്ചർ അച്ചടിക്കുവാൻ സ്പോൺസർ ചെയ്തവർ നിർദ്ധനരായ രോഗികൾക്ക് സഹായം നൽകിയവർ എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. കർത്താവു പ്രതിഫലങ്ങൾ നൽകട്ടെ.

കർത്താവിന്റെ കൃപയിൽ ശരണപ്പെട്ട് കേരളത്തിലെ എത്തിച്ചേരാൻ കഴിയാത്ത ജില്ലകളിലെ ആശുപത്രികളിലേക്ക് ഹോസ്പിറ്റൽ മനിസ്ട്രീസ് ഈ വർഷം പ്രവർത്തനങ്ങൾക്കായി പോവുകയാണ്. ഈ ശുശ്രൂഷയെ സ്നേഹിക്കുന്ന എല്ലാ സഹോദരി സഹോദരന്മാരുടെയും സഭകളുടെയും പൂർണ്ണ പിന്തുണയും പ്രാർത്ഥനയും സഹകരണങ്ങളും തുടർന്നും പ്രതീക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്:
Hospital Ministries C/o. Charles John, Punnamoottil, Pazhavangadi P.O., Ranny, Pin- 689 673 Mob: 9447278012

## സുവിശേഷ മഹായോഗവും സംഗീതവിരുന്നും

**ഐവർകാല നടുവിൽ:** തെക്കെ കടമ്പനാട് ബ്രദറൺ സഭയുടെ ചുമതലയിൽ ഐവർകാല നടുവിലുള്ള സഭാഹാളിനു സമീപം തയ്യാറാക്കുന്ന പന്തലിൽ വച്ച് 2016 ഡിസം. 19 തിങ്കൾ മുതൽ 22 വ്യാഴം വരെ സുവിശേഷയോഗങ്ങൾ നടക്കുന്നു. പ്രസ്തുത യോഗത്തിൽ കർത്തൃദാസന്മാരായ ജോൺ വർഗീസ്, സാം സഖറിയ, തോമസ്കുട്ടി കുരുവിള, പി.എസ്. തമ്പാൻ തുടങ്ങിയവർ വചന ശുശ്രൂഷ നിർവ്വഹിക്കും. ഓടനാവട്ടം ബാബുവിന്റെ നേതൃത്വത്തിലുള്ള ഗായക സംഘം ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

പി.ജോൺസൺ, എ.പി. ഡാനിയേൽ, പി. ബാബുക്കുട്ടി, ജെ. ജയിംസ്

## ബ്രദറൺ S.P.S.F സംയുക്ത കൺവൻഷൻ

**തെള്ളിയൂർ:** എസ്.പി.എസ്.എഫ്. നോടു ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ബ്രദറൺ സഭകളുടെ 22-ാമത് സംയുക്ത കൺവൻഷൻ 2017 ഫെബ്രുവരി 7 ചൊവ്വ മുതൽ 1 ഞായർ വരെ തെള്ളിയൂർ ബ്രദറൺ സഭാഹാൾ ഗ്രൗണ്ടിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗങ്ങളിൽ കർത്തൃദാസന്മാരായ റെജി കെ. തോമസ് നെല്യാടി, ബിജു ആലടി, ചാൾസ് ജോൺ റാന്നി, വർഗീസ് കെ. കുര്യൻ പാമ്പാടി, ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. ബൈബിൾ ക്ലാസ്, സോദരി സമാജം, എസ്.ബി.എസ്., വൈ.എം.ഇ.എഫ്. ശബരിമാങ്കൽ സെന്ററിന്റെ ഏകദിന സമ്മേളനങ്ങൾ എന്നിവ കൺവൻഷൻ പന്തലിൽ വച്ച് നടത്തപ്പെടുന്നു. വിവിധ സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും നടക്കും.

*സ്കറിയ ജോൺ (കൺവീനർ)*
*9497519598*

## മൈസൂറിൽ മലയാളം കൂട്ടായ്മ

**മൈസൂർ:** പഠനത്തിനും തൊഴിലിനുമായി കേരളത്തിൽ നിന്നും ഇതര സ്ഥലങ്ങളിൽ നിന്നും മൈസൂറിൽ വന്നു പാർക്കുന്ന വിശ്വാസികൾക്കായി മലയാളത്തിൽ ഒരു ആത്മീയ കൂട്ടായ്മാ സൗകര്യം. Sabarban bus stand-ന് സമീപമുള്ള Victoria School -ൽ വച്ച് എല്ലാ ഞായറാഴ്ചയും വൈകിട്ട് 5 മുതൽ 6.30 വരെയാണ് ഈ ആത്മീയ കൂട്ടായ്മ നടക്കുന്നത്. ഹൂട്ടാഗള്ളി (Hootagalli) ബ്രദറൺ അസംബ്ലിയുടെ സഹകരണത്തിലാണ് ഈ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

കൂടുതൽ വിവരങ്ങൾക്ക് : ഫ്രാൻസിസ് ഡേവിഡ് - 09739288327
എബി ബേബി - 08547281688

## വി.ബി.എസ്.

**ദേവികുളം (ഇടുക്കി):** ദേവികുളം സഭയുടെ ചുമതലയിൽ പി. എം. മാത്യു, പി.വി. ജോൺസൺ ഇവരുടെ സഹകരണത്തിൽ ഈ അവധിക്കാലത്ത് 12 വി.ബി.എസ്. നടത്തുവാൻ കർത്താവ് കൃപ ചെയ്തു. 880 കുട്ടികൾ പങ്കെടുക്കുകയും ദൈവവചനം കേൾക്കയും ചിലർ രക്ഷിക്കപ്പെടുകയും ചെയ്തു. വിതെച്ച വിത്തുകൾ ഫലം കായ്പാൻ പ്രാർത്ഥിക്കുക.

*സെൽവം, ജേസുദാസ് സി.*

## സുവിശേഷകന്മാരുടെ പ്രാർത്ഥനാ കൂട്ടായ്മ

**തിരുവനന്തപുരം:** ജില്ലയിൽ രണ്ട് മാസത്തിൽ ഒരിക്കൽ നടന്നുവരുന്ന സുവിശേഷകന്മാരുടെ കഴിഞ്ഞ പ്രാർത്ഥനാകൂട്ടായ്മ മെയ് 25-ന് കാട്ടാക്കട സഭയോടുള്ള ബന്ധത്തിൽ അനുഗ്രഹകരമായി നടക്കുകയുണ്ടായി. അടുത്ത പ്രാർത്ഥനാകൂട്ടായ്മ 2016 ജൂലൈ 22 ബുധൻ രാവിലെ 9.30 മുതൽ 1.30 വരെ എള്ളുവിള സഭയുടെ സഹകരണത്തിൽ അവിടെ വച്ച് നടക്കുന്നു. തിരുവനന്തപുരം ജില്ലയിലെ സുവിശേഷകന്മാർ സംബന്ധിക്കുക.

*ജോൺ നേശൻ,*
*എസ്.ജി. ഗിൽബർട്ട്*

## അറിയിപ്പ്

നിങ്ങളുടെ വിലാസത്തിനു മുകളിൽ കൊടുത്തിരിക്കുന്ന രജിസ്റ്റർ നമ്പർ എല്ലാ കത്തിടപാടുകളിലും രേഖപ്പെടുത്തുക. വരിസംഖ്യയോ സംഭാവനയോ നേരിട്ട് ബാങ്കിൽ നിക്ഷേപിക്കുകയോ മണി ഓർഡറായി അയക്കുകയോ ചെയ്യുന്നവർ വിശദവിവരം മാനേജിംഗ് എഡിറ്ററെ ഫോണിലൂടെയോ കത്തിലൂടെയോ അറിയിക്കേണ്ടതാണ്. സഹകരണങ്ങൾക്കു നന്ദി.

*മാനേജിംഗ് എഡിറ്റർ*
*(9605001818)*

ചിന്ത T.V.S.

## ഉയരത്തിലേക്കുള്ള ഒരു എത്തിനോട്ടം

മനുഷ്യമനസ്സിൽ എപ്പോഴും താലോലിക്കുന്ന ഒരു സ്വപ്നമുണ്ട് - ഉയരങ്ങളിൽ എത്തണം. ഉയരങ്ങളെ കീഴടക്കണം എന്ന് പർവ്വതാരോഹകർ ആഗ്രഹിക്കുന്നു. ഉയർന്നു നില്ക്കുന്ന ആകാശമണ്ഡലത്തിലെ അനേക കാര്യങ്ങൾ കണ്ടുപിടിക്കുന്നതിന് ശാസ്ത്രജ്ഞന്മാർ അഹോരാത്രം പണിയെടുക്കുന്നു. ഉയരങ്ങളിൽ കൂടുവയ്ക്കുന്നതിന് ബുദ്ധിമാന്മാർ തല പുകഞ്ഞ് ആലോചനയിൽ മുഴുകുന്നു. കലാലയ ജീവിതത്തിലൂടെ രാഷ്ട്രീയ മണ്ഡലത്തിൽ പ്രവേശിച്ചവർ അതിന്റെ ഉന്നതസ്ഥാനങ്ങളിൽ എത്തുവാൻ ശ്രമിക്കുന്നു. അങ്ങനെ നാം നോക്കിയാൽ എല്ലാ മേഖലകളിലും ഉയരങ്ങളിലെത്തുന്നതിനുള്ള മനുഷ്യന്റെ പ്രയത്നങ്ങൾ നിലയ്ക്കാത്ത നിലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വളരെ പ്രസന്നമായൊരു സായാഹ്നം. ഒരു ബാലൻ തന്റെ പട്ടം പറത്തിക്കൊണ്ടിരിക്കുന്നു. നല്ല കാറ്റുള്ളൊരു ദിവസം ആയിരുന്നു അന്ന്. അനുകൂലമായ ഒരു സാഹചര്യം. അത് ശരിക്കും അവൻ ഉപയോഗിച്ചു. തന്റെ പട്ടം പറന്ന് ഉയരത്തിൽ എത്തിയ ആ കാഴ്ച അവനെ വളരെ സന്തോഷിപ്പിച്ചു. അവന്റെ കൈയിൽ ഉണ്ടായിരുന്ന നൂൽ എല്ലാം കഴിഞ്ഞു. അല്പം കൂടെ നൂൽ ഉണ്ടായിരുന്നു എങ്കിൽ എന്ന് അവൻ ആഗ്രഹിച്ചു. ഈ സമയം ആ വഴിയിലൂടെ ഒരു വൃദ്ധൻ കടന്നു വന്നു. സന്തോഷത്തോടെ തുള്ളിച്ചാടുന്ന കുട്ടിയോട് അദ്ദേഹം ചോദിച്ചു: “അല്ലയോ, മകനെ നീ എന്താ ഇങ്ങനെ തുള്ളിച്ചാടുന്നത്?”, അപ്പോൾ അവൻ പറഞ്ഞു: “അതാ നോക്ക് എന്റെ പട്ടം അങ്ങ് ആകാശത്തിൽ ഉയരെ പറക്കുകയാണ്.” എന്നാൽ അദ്ദേഹത്തിന് ഒന്നും കാണാൻ കഴിഞ്ഞില്ല. “നിന്റെ പട്ടം ഉയരത്തിൽ പറക്കുന്നതിന്

> **ദൈവമക്കൾ സ്വർഗ്ഗീയ ഉന്നതിയുടെ അനുഭൂതിയിൽ വസിക്കേണ്ടവരാണെന്നുള്ള ചിന്ത നാം മറന്നു പോകുന്നു.**

നിനക്ക് എന്താണ് ഉറപ്പ്. എനിക്ക് ഒന്നും കാണാൻ കഴിയുന്നില്ലല്ലോ.”

കുട്ടിയുടെ മറുപടി ഇങ്ങനെ ആയിരുന്നു, സാർ; എന്റെ കയ്യിലുള്ള നൂൽ മുഴുവനും ഞാൻ അയച്ചു വിട്ടിരിക്കയാണ്. ഇതാ നൂലിന്റെ അറ്റം എന്റെ കയ്യിലുണ്ട്. ഇവിടെ പിടിച്ചു നോക്കൂ; അദ്ദേഹം പിടിച്ചു നോക്കി, നല്ല വലിച്ചിൽ ഉണ്ട്. പിടിച്ചപ്പോൾ അദ്ദേഹത്തിന് കാര്യം മനസ്സിലായി.

ഈ ആശയം ദൈവമക്കളായ നമ്മെ ചിന്തിപ്പിക്കേണ്ടതല്ലയോ. നാം ഈ ലോകത്തിന്റെ മക്കളല്ല. നമ്മുടെ പേരും, പൗരത്വവും സ്വർഗ്ഗത്തിലാണ്. നമ്മുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു. ക്രിസ്തു നമ്മിൽ വസിക്കുന്നു. ഇങ്ങനെ പല വിധത്തിലും ദൈവമക്കൾ സ്വർഗ്ഗീയ ഉന്നതിയുടെ അനുഭൂതിയിൽ വസിക്കേണ്ടവരാണെന്നുള്ള ചിന്ത നാം മറന്നു പോകുന്നു. ദൈവമക്കളുടെ ഇന്നത്തെ ജീവിതവും ശൈലിയും പരിഗണിച്ചാൽ ഉയരത്തിലെ ചിന്തകളിൽ നിന്നും അനുഭവങ്ങളിൽ നിന്നും അകന്നു പോകുന്നു എന്ന് ചിന്തിക്കേണ്ട സാഹചര്യമാണ് കാണുന്നത്. ദൈവമക്കളുടെ ശ്രദ്ധ മുഴുവനും ലോകത്തിലേക്ക് ആകർഷിക്കത്തക്ക സാഹചര്യം വർദ്ധിച്ചു വരികയാണ്. നാം ക്രിസ്തുവിനോടു കൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. എന്ന് വചനം പറയുന്നു. കൈപ്പണിയല്ലാത്ത ഒരു ഭവനം നമുക്ക് സ്വർഗ്ഗത്തിൽ ഒരുക്കിക്കൊണ്ടിരിക്കുന്നു. ആകയാൽ നാം ആരാണെന്ന് മനസ്സിലാക്കി ഉയരത്തിലുള്ളത് അന്വേഷിപ്പാൻ ഇടവരട്ടെ.

**SUVISESHADHWANI**
Fortnightly
Vol. 38 Issue 24
Annual Subscription
India Rs. 200/-
USA/Canada US$ 100
Envelope Postage
Rs. 2500/-
Chief Editor:
**Saju P. Stephen**
Padinjattil Puthenpurayil,
Kakkoor P.O., Koothattukulam
Pin-686662, Mob:9747486981
sajupstephen@gmail.com
**Please send news and articles to:**
Associate Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Mob : 9495162788
samjichoonattu@gmail.com
**Send your drafts & money order to :**
Managing Editor
**Samson Samuel**
Sam's Cottage,Palace Square
Chottanikara P.O.,
Ernakulam - 682 312
Mob: 9605001818
samgen701@gmail.com
Circulation Manager:
**A.D. James**
Angamaly-683572
Mob: 9446814115
Please send DD/Cheque drawn in favour of :
Suvisesha Dhwani
E-mail :
suviseshadhwani2011@gmail.com

**REGISTERED**
***Reg. No. RN 29475/1978***
**Postal Reg. No. KL / ALY / 0076 / 2015-17**
**Licence No. KL/CR/ALU/WPP-08/2015-17**
**Licensed to Post Without Prepayment.**
**Date of Publishing : 02/07 / 2016**

***If not delivered, please return to :***
**Managing Editor,**
**SUVISESHADHWANI,**
Sam's Cottage, Palace Square
Chottanikara P.O.,
Ernakulam - 682 312.

Printed & Published by Saju P. Stephen on behalf of General Y.M.E.F. & Printed at Speck Offset Press, Eroor, Ekm. & Published at Padinjattil Puthenpurayil, Kakkoor, Ekm. Dist. Editor : Saju P. Stephen. Design: D'Club, Kallissery.